അന്താരാഷ്ട്ര വനിതാ ദിനം 2025 - ദൈവീക ചിന്തകൾ

ഒന്നാം ദിവസം
**ഒരേ സ്വരം, ഒരേ ലക്ഷ്യം**

**പ്രതിഫലന ചിന്ത:**

ക്രിസ്തുവിൽ സ്നാനമേറ്റതിനു ശേഷം നിങ്ങളുടെ ജീവിതത്തിലെ പ്രധാന ലക്ഷ്യം എന്തായിരുന്നു? അത് ഓർത്തെടുക്കാൻ കഴിയുന്നുണ്ടോ?

> **റോമർ 15:5-6**
> 5സഹിഷ്ണുതയും പ്രോത്സാഹനവും നല്കുന്ന ദൈവം, ക്രിസ്തുയേശുവിന് അനുരൂപരായി പരസ്പരൈക്യത്തിൽ ജീവിക്കാൻ നിങ്ങളെ സഹായിക്കട്ടെ. 6അങ്ങനെ നിങ്ങൾ ഏകഹൃദയത്തോടും ഏകസ്വരത്തിലും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ ഇടയാകട്ടെ.

ഒരേ സ്വരത്തിൽ ദൈവത്തിനു മഹത്വം നല്കലാണ് നമ്മുടെ ജീവിതത്തിന്റെ പരമമായ ലക്ഷ്യം എന്ന് ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തെ മഹത്വപ്പെടുത്തുകയെന്നാൽ സ്തുതികളാലും ആരാധനയാലും ദൈവത്തെ ഉയർത്തുകയെന്നതാണെന്ന് ഏശയ്യ 43:7 പരിശോധിച്ചപ്പോൾ എനിക്കു മനസ്സിലാവുകയും ചെയ്തു. ദൈവം അതിശയവാനാണ്, അതിശ്രേഷ്ഠനാണ്. സ്വഭാവത്തിലും പെരുമാറ്റത്തിലും ദൈവം മഹത്വവാനുമാണ്. നമുക്കുചുറ്റുമുള്ള പ്രകൃതി ഇക്കാര്യങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു. നാം അവിടുത്തെ മഹത്വപ്പെടുത്തുമ്പോൾ, അവിടുത്തെ ഉന്നതിയും മഹത്വവും നാം തിരിച്ചറിയുകയുമാണ് ചെയ്യുന്നത്. സകലതിനും യോഗ്യനായവനുവേണ്ടി നാം കരഘോഷം മുഴക്കുന്നു.

സഹിഷ്ണുതയുടെയും (അതിജീവനത്തിന്റെയും) പ്രോത്സാഹനത്തിന്റെയും ദൈവമാണ് നമ്മുടേതെന്ന് പൗലോസ് ഇവിടെ എടുത്തുപറയുന്നു. വിട്ടുകൊടുക്കാതെ ജീവിതത്തിൽ മുന്നേറാനുള്ള കഴിവും, വേണ്ടവിധത്തിലുള്ള പ്രോത്സാഹനവും നമുക്കു നല്കുന്നത് ദൈവമാണ്. ശിഷ്യനാകാനുള്ള വിശ്വാസം ദൈവം നമുക്കു നല്കിയതിനാലാണ് നാം അവിടുത്തെ ശിഷ്യരായത്. ദൈവത്തെ സ്നേഹിക്കാനും, ദൈവജനതയെ ശുശ്രൂഷിക്കാനുമുള്ള ഒരു ഹൃദയം ദൈവം നമുക്കു നല്കി. ശിഷ്യരെന്ന നിലയിൽ നാം എന്താകണം എന്നതിനും, നാം എന്തു ചെയ്യണം എന്നതിനുമായി നമ്മെ സൃഷ്ടിച്ചതും ദൈവമാണ്.

ക്രിസ്ത്യാനിയെന്ന നിലയിൽപ്പോലും ദൈവീകമായ പ്രവൃത്തികൾ ദൈവത്തിനുമഹത്വം നല്കാനല്ലാതെ നമ്മുടെ സ്വന്തം മഹത്വത്തിനായി നാം ഉപയോഗിക്കാൻ ഇടയായേക്കും - നാം ശ്രദ്ധിച്ചില്ലെങ്കിൽ. ഞാൻ എന്റെ മഹത്വം തേടിയ ഒരു സന്ദർഭം എന്റെ ജീവിതത്തിൽനിന്നും ഞാൻ പങ്കുവയ്ക്കാം. മുഴുവൻ സമയശുശ്രൂഷയിലെ പരിശീലനം പൂർത്തിയാക്കിയതിനാൽ എനിക്കു സാക്ഷ്യപത്രം (സർട്ടിഫിക്കറ്റ്) ലഭിക്കാൻ പോകുന്ന ഒരു സന്ദർഭമായിരുന്നു അത്. ഒരു കോൺഫറൻസിനിടയിലായിരുന്നു ഈ ചടങ്ങു നടന്നത്. എന്നോടൊപ്പം പരിശീലനം പൂർത്തിയാക്കിയ ഒരു സഹോദരന്റെ വിശ്വാസം പങ്കുവയ്ക്കുന്നതിലുള്ള തീക്ഷ്ണതയെയും അദ്ദേഹം സ്നാനം നല്കിയ വ്യക്തികളുടെ എണ്ണത്തെയും കുറിച്ചെല്ലാം ആ കോൺഫറൻസിൽ ഉടനീളം പ്രശംസിക്കുകയുണ്ടായി. എന്നാൽ എന്റെ ശുശ്രൂഷയെ ആരും പരിഗണിക്കുന്നില്ലെന്നും ശ്രദ്ധിക്കുന്നില്ലെന്നുമുള്ള തോന്നലാൽ എന്റെ ഉള്ളിൽ അസൂയനിറഞ്ഞു. മറ്റൊരാളെ എല്ലാവരും ചേർന്ന് ഉയർത്തുന്നതുകണ്ടപ്പോൾ എന്നിലുണ്ടായ മനോവികാരത്തെ ദൈവം എനിക്കു ബോധ്യപ്പെടുത്തി തന്നു.

ദൈവമഹത്വത്തിനുവേണ്ടി ദൈവം മനുഷ്യരുടെ ജീവിതങ്ങളെ സ്വാധീനിക്കുന്നു. എന്നെയും ആ സഹോദരനെയും ദൈവം ഉപയോഗിച്ചത് ദൈവത്തിന്റെ പദ്ധതിയാലാണ്. എനിക്കു പ്രശസ്തി ലഭിക്കണമെന്ന ഒരു മനോഭാവം എന്നിലുണ്ടായതിനെ ഓർത്ത് പിന്നീട് എനിക്കു ലജ്ജ തോന്നി. സ്വയം മഹത്വം കാംക്ഷിക്കുന്ന എന്നിലെ പാപത്തെ തിരിച്ചറിയാൻ ദൈവം എന്നെ സഹായിച്ചതിൽ ഞാൻ ദൈവത്തോടു നന്ദിപറഞ്ഞു. സർട്ടിഫിക്കറ്റ് വാങ്ങിക്കുവാനുള്ള എന്റെ ഊഴം വരുന്നതിനുമുമ്പ് ദൈവത്തോടു ഞാൻ മാപ്പുപറഞ്ഞു, ക്ഷമായാചനവും നടത്തി.

സഹോദരിമാരേ, ഒരേ സ്വരത്തിൽ നാം ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന് നമുക്ക് ഒരേ മനസ്സുതന്നെ വേണ്ടിയതുണ്ട്. നമ്മുടെ ഇടയിലുള്ള വ്യത്യാസങ്ങളോ, നമ്മുടെ ഭയങ്ങളോ, നമ്മുടെ ലംഘനങ്ങളോ ഒന്നും ദൈവത്തെ ഉയർത്തുന്നതിൽ നിന്നും നമ്മെ അകറ്റിനിർത്തരുത്. ദൈവത്തിന്റെ മഹത്വം പ്രതിഫലിപ്പിക്കുന്ന ഒരു ജീവിതമാകട്ടെ നമ്മുടേത്. യോഗ്യനായ ഏകനുമാത്രം നമുക്ക് സ്തുതിയും മഹത്വവും കരേറ്റാം, കാരണം, അവിടുത്തെ സ്തുതിമാത്രമാണ് സ്വർഗ്ഗത്തിൽ നാം സദാ കരേറ്റുന്നത്. ഇതിനായി നമുക്ക് നമ്മെത്തന്നെ ഒരുക്കാം.

**പ്രതിഫലന ചിന്തകൾ:**

1. നിങ്ങൾ ഏറ്റവും കൂടുതൽ വിലമതിക്കുന്ന ഒരു ദൈവാനുഗ്രഹം എന്തെന്ന് ഓർക്കുക. ഇക്കാര്യത്തെപ്രതി ദൈവത്തെ മഹത്വപ്പെടുത്തുക.

2. ഈ അനുഗ്രഹത്തെ പ്രതിയോ, അല്ലെങ്കിൽ മറ്റെന്തങ്കിലും അനുഗ്രഹത്തെപ്രതിയോ നിങ്ങൾ അവകാശവാദമുന്നയിക്കുന്നുണ്ടോ - സകല അവകാശവാദവും ദൈവത്തിൽ നിക്ഷിപ്തമായിരിക്കേ?

3. എപ്രകാരമെല്ലാം ദൈവത്തിനു കൂടുതൽ മഹത്വം കരേറ്റാം എന്നു ചിന്തിക്കുക, നമ്മുടെ ചിന്തകളിലും, നമ്മുടെ ശുശ്രൂഷയിലും, മറ്റുള്ളവരുമായുള്ള നമ്മുടെ ഇടപഴകലിലുമെല്ലാം?



പവിത്ര എസ്. ജി., ബെംഗലൂരു.

രണ്ടാം ദിവസം
**ഒരേ സ്വരം, ഒരേ മനോഭാവം**

**പ്രതിപാദ്യം:**

ദൈവം നമുക്ക് സഹിഷ്ണുത നല്കുന്നു, അതോടൊപ്പം പരസ്പരം ഉൾക്കൊള്ളാൻ സാദ്ധ്യമാകുന്ന വിധത്തിലുള്ള ഒരു നല്ല മനോഭാവവും നമുക്കു നല്കുന്നു.

> **റോമർ 15:5–7**
> 5സഹിഷ്ണുതയും പ്രോത്സാഹനവും നല്കുന്ന ദൈവം, ക്രിസ്തുയേശുവിന് അനുരൂപരായി പരസ്പരൈക്യത്തിൽ ജീവിക്കാൻ നിങ്ങളെ സഹായിക്കട്ടെ. 6അങ്ങനെ നിങ്ങൾ ഏകഹൃദയത്തോടും ഏകസ്വരത്തിലും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ ഇടയാകട്ടെ. 7അതുകൊണ്ട് ദൈവമഹത്വത്തിനായി ക്രിസ്തു നിങ്ങളെ സ്വീകരിച്ചതുപോലെ നിങ്ങളും അന്യോന്യം സ്വീകരിക്കുവിൻ.

**1. സഹിഷ്ണുത**

ക്രിസ്തുവിനുണ്ടായിരുന്ന അതേ മനോഭാവംതന്നെ നാം പരസ്പരം വച്ചുപുലർത്തണമെന്ന് ഈ വേദഭാഗം പരാമർശിക്കുന്നു. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തെക്കുറിച്ച് അവിശ്വാസിയായ ഒരു വ്യക്തി പ്രതികരിച്ചത് എന്റെ ഓർമ്മയിലേക്കു വരുന്നു. അയാളുടെ പ്രതികരണം ഇപ്രകാരമാണ്: "പീഡകൾ സഹിക്കാൻ മാത്രമല്ല, തന്റെ പീഡാസഹനത്തെ വേണ്ടവിധത്തിൽ ഉപയോഗിക്കാനും ഇയാൾക്ക് അറിയാം."

സഹിഷ്ണുത എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന ഗ്രീക്കു വാക്ക് "Hypomone" എന്നതാണ്. വിഷമസന്ധികളുടെ ഘട്ടത്തിൽ ക്ഷമാപൂർവ്വം വീഴ്ചകൂടാതെ നിലനില്ക്കുന്ന ഒരു സ്വഭാവഗുണത്തെയാണ് ഈ ഗ്രീക്കുവാക്ക് പ്രതിനിധാനം ചെയ്യുന്നത്. പ്രവർത്തന നിരതമായ ഒരു വാക്കാണിത്, മറഞ്ഞിരിക്കുന്ന ഗുണത്തെ സൂചിപ്പിക്കുന്ന ഒരു വാക്കല്ല. വലിയ ഭാരം പേറുന്ന ഒരാൾ, ആ ഭാരത്തിനടിയിലും ക്രിസ്തുവിനായി മറ്റുള്ളവരെ നേടാൻ കഠിനയത്നം നടത്തുന്ന ഒരു ചിത്രമാണ് ഈ വാക്കു വരച്ചുകാണിക്കുന്നത്. വേറൊരു രീതിയിൽ പറഞ്ഞാൽ, നിങ്ങളുടെ സഹനം മറ്റുള്ളവരിൽ ക്രിസ്തുവിനെ ഓർമ്മപ്പെടുത്തുന്ന ഒരു ചിത്രമാണ് നല്കുന്നത്. നിങ്ങളുടെ സഹനം ക്രിസ്തുവിനുവേണ്ടിയുള്ള

പ്രവർത്തനിരതമായ ഒരു സാക്ഷ്യപ്പെടുത്തലാണ്. പ്രവൃത്തിപഥത്തിൽ എത്താത്ത സഹിഷ്ണുത എന്നൊന്ന് ക്രിസ്തീയ ജീവിതത്തിൽ ഇല്ല.

വിഷമതകളുടെയും ദുർഘടങ്ങളുടെയും നടുവിൽ പരാതിയും പിറുപിറുപ്പും കൂടാതെ ഒരു നല്ലകാര്യം ദീർഘകാലം ചെയ്യുന്നതിനെയാണ് സഹിഷ്ണുത എന്ന വാക്കുകൊണ്ട് പൗലോസ് അർത്ഥമാക്കുന്ന തെന്നാണ് എനിക്കു മനസ്സിലാകുന്നത്.

2003ലെ എന്റെ ആദ്യത്തെ ഗർഭകാലത്തെക്കുറിച്ചു പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഗർഭം സ്ഥിരീകരിച്ച ഒന്നാം ദിവസം മുതൽ എനിക്ക് അമിതമായ ഛർദ്ദിയുടെ ഒരു അവസ്ഥ ഉണ്ടായിരുന്നു. എന്റെ ഭക്ഷണം സോഡാനാരങ്ങാവെള്ളം മാത്രമായി മാറി. നിർജ്ജലീകരണത്താലും അണുബാധ യാലുമെല്ലാം പലതവണ എനിക്ക് ആശുപത്രിയിൽ കിടക്കേണ്ടിവന്നു. സാധാരണഗതിയിൽ ഈ അവസ്ഥയ്ക്ക് മൂന്നുമാസം കഴിയുമ്പോൾ ശമനം കാണുമായിരുന്നു, എന്നാൽ എന്റെ കാര്യത്തിൽ ഗർഭകാലം മുഴുവൻ ഈ അവസ്ഥ തുടർന്നു. ഏഴാം മാസമായപ്പോൾ ഞാൻ രക്തം ഛർദ്ദിക്കാൻ തുടങ്ങി. അസഹനീയമായ അസ്വസ്ഥത നല്കുന്ന ഒരു എൻഡോസ്കോപ്പി പരിശോധനയിലൂടെ എനിക്കു കടന്നു പോകേണ്ടിവന്നു. എന്റെ അന്നനാളത്തിൽ ഒരു കീറൽ ഉണ്ടെന്ന് അവർ കണ്ടെത്തി, പരിഹാരമാർഗ്ഗമായി ഒരു പ്രത്യേകരീതിയിൽ കിടക്കണമെന്ന് ഡോക്ടർ എനിക്കു നിർദ്ദേശം നല്കി. ഗർഭകാലത്ത് ഏഴര കിലോയോളം തൂക്കം നഷ്ടപ്പെട്ടു, അവസാനം സിസേറിയനു വിധേയയാകേണ്ടിയും വന്നു. ഇത്തരം ദുർഘടങ്ങളെയെല്ലാം അതിജീവിക്കാൻ എനിക്കു സാധിച്ചത് എന്റെ കയ്യിൽ ഒരു കുഞ്ഞിനെ ലഭിക്കുമെന്ന ചിന്തയാലായിരുന്നു - അൾട്രാസൗണ്ട് സ്കാനിങ്ങിനിടയ്ക്ക് ഞാൻ ആ കുഞ്ഞിന്റെ ചലനങ്ങൾ കാണുകയും ചെയ്തിട്ടുണ്ടായിരുന്നു.



എന്റെ അതിജീവനം എനിക്ക് എന്റെ കുഞ്ഞിനെ നല്കി, ധാരാളം സന്തോഷവും.

ഈ വേദഭാഗത്തിലെ രണ്ടാമത്തെ പ്രതിപാദ്യത്തിലേക്കു നമുക്കു നോക്കാം:

**2. പരസ്പരം ഉൾക്കൊള്ളുവാൻ സഹായിക്കുന്ന ഒരു നല്ല മനോഭാവം**

റോമായിലെ സഭയിൽ വിവിധതലത്തിലുള്ള ആളുകൾ ഉണ്ടായിരുന്നു. യഹൂദപശ്ചാത്തലത്തിൽ നിന്നുള്ളവരും, വിജാതീയരും, അടിമകളും, സ്വതന്ത്രരും, ധനികരും, ദരിദ്രരും, വിശ്വാസത്തിൽ ക്ഷയമുള്ളവരും ഉൾപ്പെടുന്ന ആളുകളുടെ ഒരു കൂട്ടമായിരുന്നു ആ സഭ. അതിനാൽ തന്നെ പരസ്പരം ഉൾക്കൊള്ളുന്ന കാര്യത്തിൽ അവരുടെയിടയിൽ ബുദ്ധിമുട്ടുകളുമുണ്ടായിരുന്നു.

എന്നാൽ ക്രിസ്തു നിങ്ങളെ കൈക്കൊണ്ടത് എപ്രകാരമാണ്? കുറ്റമറ്റ ഒരു വ്യക്തിജീവിതമോ, വിശിഷ്ടമായ ഒരു വ്യക്തിത്വമോ നിങ്ങൾക്കുണ്ടായിരുന്നോ? നീ പോയി നിന്റെ പ്രവൃത്തികളെല്ലാം നേരെയാക്കിയിട്ടു വാ, എന്നിട്ടു ഞാൻ നിന്നെ സ്വീകരിക്കാം എന്ന് യേശു പറഞ്ഞോ? നമ്മുടെ എല്ലാ അപൂർണ്ണതകളോടും കൂടെതന്നെ ക്രിസ്തു നമ്മെ സ്വീകരിച്ചു. വേറെ ആരെങ്കിലുമാണ് ഒരു പാപം ചെയ്തതെങ്കിൽ അതിനെ എത്രയോ ഭീകരമായാണ് നാം കാണുന്നതെന്ന കാര്യം ആശ്ചര്യകരമല്ലേ? നമ്മുടെതന്നെ വീഴ്ചകളെ സംബന്ധിച്ച് നാം എത്രയോ അന്ധരാണ്?

ദൈവം എന്നോടു കാണിച്ച ദീർഘക്ഷമയെ ഓർത്ത് എനിക്ക് ദൈവത്തോടു നന്ദിയും കടപ്പാടുമുണ്ട്. എന്നിരുന്നാലും ഞാൻ ദൈവത്തോട് എപ്പോഴും അതേപോലെയുള്ള ക്ഷമകാണിക്കാറില്ല. മറ്റുള്ളവർ എന്നോടു ക്ഷമകാണിക്കുമ്പോൾ ഞാൻ അതിനെ വിലമതിച്ചു കാണാറുണ്ട്, എന്നിരുന്നാലും ഞാൻ മറ്റുള്ളവരോട് എപ്പോഴും ക്ഷമ കാണിക്കാറില്ല. എന്നാൽ വചനം ഇപ്രകാരമാണു പറയുന്നത് - "മറ്റുള്ളവർ

നിങ്ങൾക്കു ചെയ്യണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ നിങ്ങൾ അവർക്കും ചെയ്യുവിൻ" (ലൂക്കോസ് 6:31). നമ്മുടെ ദൈവം സഹിഷ്ണുതയുടെയും സമാശ്വാസത്തിന്റെയും ദൈവമാകയാൽ നാമും അപ്രകാരംതന്നെ പരസ്പരം പ്രവർത്തിക്കണം. മറ്റുള്ളവരെ പ്രചോദിപ്പിക്കുകയും അവരോടു ക്ഷമകാണിക്കുകയും ചെയ്യണം.

ഇതെല്ലാം സ്നേഹത്തിന്റെ ഒരു കാര്യം മാത്രമാണ്. ഞാൻ എന്നെപ്പോലെതന്നെ നിങ്ങളെയും സ്നേഹിക്കുന്നുണ്ടെങ്കിൽ പിന്നെ നിങ്ങളുടെ ഓരോചെറിയ പോരായ്മയും പരിശോധിച്ചു പെറുക്കിക്കൊണ്ടുവരുവാൻ ഞാൻ തയ്യാറാകില്ല. ക്രിസ്തു എന്നെ സ്വീകരിച്ചതുപോലെതന്നെ ഞാൻ നിങ്ങളെയും സ്വീകരിക്കും. എന്റെ നിലവാരത്തിനൊപ്പം നിങ്ങൾ ഉയരണം, ഞാൻ ആഗ്രഹിക്കുന്നതു പോലെ നിങ്ങൾ ജീവിക്കണം, എന്നാൽ നിങ്ങളെ ഞാൻ എന്റെ സുഹൃത്തും സഹപ്രവർത്തകയുമായി സ്വീകരിക്കാം എന്നു ചിലപ്പോൾ നാം പറയുമായിരിക്കും, അല്ലെങ്കിൽ ചിന്തിക്കുമായിരിക്കും. എന്നാൽ നാം അങ്ങനെയല്ല പരസ്പരം സ്വീകരിക്കേണ്ടത്. നമ്മിൽനിന്നു വ്യത്യസ്തരായ വ്യക്തികളെ നാം സ്വീകരിക്കേണ്ടതുണ്ട്. ക്രിസ്തുവിൽ നാം പങ്കുവയ്ക്കുന്ന സ്നേഹം മറ്റു സകല വിഭിന്നതകളിൽനിന്നും വളരെ ഉയർന്നതായിരിക്കേണ്ടതുണ്ട്. ക്രിസ്തുവിന്റെ ശരീരത്തെ കൂട്ടിയോജിപ്പിക്കുന്ന ഏറ്റവും ശക്തമായ ഘടകം ഈ സ്നേഹംതന്നെയായിരിക്കണം.

പരസ്പരം യോജിപ്പോടെ ജീവിക്കാനും അഹങ്കാരത്തെ മാറ്റിനിർത്താനും പൗലോസ് റോമാക്കാർ ക്കെഴുതിയ ലേഖനത്തിലൂടെ നമ്മോട് അഭ്യർത്ഥിക്കുന്നു. സകലസാമൂഹിക തലങ്ങളിലും നിന്നുമുള്ള ആളുകളുമായി ചേർന്നുപ്രവർത്തിക്കുന്നതിന്റെ പ്രാധാന്യം പൗലോസ് എടുത്തുകാണിക്കുന്നു - താഴ്ന്ന നിലവാരമുള്ളവരോടായാലും. അതുപോലെതന്നെ സ്വാർത്ഥ താത്പര്യങ്ങൾക്കുവേണ്ടി ബന്ധങ്ങളെ ഉപയോഗിക്കുന്നതിനെതിരെ പൗലോസ് മുന്നറിയിപ്പു നല്കുകയും ചെയ്യുന്നു. വർണ്ണമോ കഴിവുകളോ പ്രായമോ ലിംഗഭേദമോ സാമൂഹികമാനദണ്ഢങ്ങളോ പരിഗണിക്കാതെ സകലരോടും ആദരവോടെ പെരുമാറണമെന്ന യേശുവിന്റെ ഉപദേശത്തെ ഉൾക്കൊണ്ടുകൊണ്ട്, ആരെയും മോശക്കാരായി കാണരുതെന്ന കാര്യം പൗലോസ് ഊന്നി പറയുന്നു.

ജീവൻ അപകടപ്പെടുത്തുന്ന സാഹചര്യങ്ങളെ ചെറുത്തുനിന്ന് അതിജീവിച്ച ഒരു ജീവിതകഥ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സഹോദരിയുടെ ഭർത്താവ് പ്രദീപിന്റെ ജീവിതമാണിത്. അതിർത്തിരക്ഷാസേനയിൽ ജോലിക്കാരനാണ് അദ്ദേഹം, കുപ്വാരാ ജില്ലയിലെ നിയന്ത്രണരേഖയിൽ 2300 കിലോമീറ്റർ ചുറ്റളവിൽ വ്യാപിച്ചുകിടക്കുന്ന മേഖലയിലാണ് പ്രദീപ് അടങ്ങിയ സംഘം ജോലി നോക്കുന്നത്. അവരുടെ ജില്ലയിൽ ഒരു പ്രദേശം 100 ശതമാനം ഉയർന്ന ജാഗ്രതാമുന്നറിയിപ്പുള്ള ഒരു സ്ഥലമാണ്, അതായത് അയൽരാജ്യത്തുനിന്നും ഒരു ആക്രമണമുണ്ടാകുവാനുള്ള സാദ്ധ്യത നൂറു ശതമാനമാണ്. മൈനസ് 15 മുതൽ മൈനസ് 10 വരെയുള്ള തണുപ്പാണ് ഈ പ്രദേശത്തുള്ളത്, വർഷത്തിന്റെ ഭൂരിഭാഗം സമയത്തും മഞ്ഞുവീഴ്ചയുള്ള സ്ഥലമാണിവിടം. സമുദ്രനിരപ്പിൽ നിന്നും 1500 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന അവരുടെ സൈനിക പോസ്റ്റിലേക്ക് സാധനസാമഗ്രികൾ ശേഖരിക്കുന്ന ജോലി ആഗസ്റ്റ് മാസം മുതൽ ആരംഭിക്കും. ആറു ദിവസം നീണ്ടുനില്ക്കുന്ന ആരോഗ്യപരീക്ഷകൾ കഴിഞ്ഞ് അവർ മുകളിലേക്കുള്ള യാത്ര തുടങ്ങും. അവരെ ജോലിക്കു നിയോഗിച്ചിരിക്കുന്ന സൈനികപോസ്റ്റിൽ ഓക്സിജന്റെ അളവു കുറവാകയാൽ ഇക്കാലമത്രയും മരുന്നിന്റെ സഹായത്തോടെമാത്രമേ ജീവിക്കാനാകൂ.



ഒക്ടോബറിൽ നിശ്ചിതലക്ഷ്യത്തിൽ എത്തിയാൽ പിന്നെ ഏപ്രിൽ മാസമോ മെയ്മാസമോ ഒക്കെയാണ് അവർക്കു തിരികെ വരാൻ സാധിക്കുന്നത്. ഒരു പോസ്റ്റിൽനിന്നും തൊട്ടടുത്ത പോസ്റ്റിലേക്കുള്ള യാത്രപോലും ഒരാഴ്ചയെടുക്കും. ഈ കൊടിയ തണുപ്പിൽ രാത്രിമുഴുവൻ ആയുധ ധാരികളായി അവർ റോന്തുചുറ്റും, പകൽ സമയത്ത് കുറച്ചു വിശ്രമവും ഉറക്കവും ലഭിക്കും. മഞ്ഞുബാധയിൽ നിന്നും രക്ഷപെടാൻ അവർ ധരിക്കുന്ന ബൂട്ടിനു തന്നെ ഒന്നര ലക്ഷം രൂപ വിലയുണ്ട്. കനമേറിയ കുപ്പായങ്ങളും വെടിയുണ്ടയേൽക്കാത്ത ജാക്കറ്റും ധരിച്ച് നൂറു വെടിയുണ്ടകളും, രണ്ടു ഗ്രനേഡും, തോക്കും, വാക്കി-ടോക്കിയുമായാണ് അവർ മാർച്ച് നടത്തുന്നത്.

തങ്ങളുടെ സാമഗ്രികൾ ചുമക്കാൻ ഒരു കഴുതയെ കൂടെക്കൂട്ടും, വെള്ളം ഉറഞ്ഞുപോകുന്നതിനാൽ അതു കൊണ്ടുപോകാൻ പറ്റില്ല. ടിന്നിലടച്ച ഇറച്ചിയും ഉണക്കമീനും ഉണങ്ങിയ പഴങ്ങളും പച്ചക്കറിയും ചോക്കലേറ്റുമാണ് അവരുടെ ഭക്ഷണം. ഒരു ചെറിയ മണ്ണെണ്ണ സ്റ്റൗവിന്റെ സഹായത്താൽ ഇതെല്ലാം അവർ ചൂടാക്കി ഭക്ഷിക്കും. അവർ ചുറ്റിനടക്കുന്നതിനിടയിൽ മുപ്പതുമുതൽ അറുപതുവരെ തവണ വെടിവയ്ക്കും, തങ്ങളുടെ സാന്നിദ്ധ്യം ശത്രുക്കളെ അറിയിക്കാനായി.

മൊബൈൽ ഫോണുമായി അവർക്കു യാതൊരുബന്ധവുമില്ല, കുടുംബത്തോടു സംസാരിക്കാൻ പോലും അവർക്ക് ഈ ആറുമാസ കാലയളവിൽ സാദ്ധ്യമല്ല. പ്രദീപിനെ പോലെയുള്ള ധാരാളമാളുകളുടെ ത്യാഗപൂർണ്ണമായ ശുശ്രൂഷകൊണ്ടാണ് നമുക്ക് രാത്രിയിൽ സ്വസ്ഥമായി ഉറങ്ങാൻ സാധിക്കുന്നത്. “ഞങ്ങളുടെ കുടുംബത്തെയോ കുട്ടികളെയോ കുറിച്ചൊക്കെ ചിന്തിച്ചുകൊണ്ടിരുന്നാൽ ഈ ജോലി ചെയ്യാൻ സാധ്യമാവില്ല” എന്ന് പ്രദീപ് പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. ഇതുപോലെ സേവനമനുഷ്ഠിക്കുന്ന ജവാന്മാരുടെ ഹൃദയം കലങ്ങാതെ അവരെ നിരന്തരം ഉത്തേജിപ്പിക്കേണ്ട ചുമതല അവരുടെ കമാൻഡറിനുണ്ട്.

ബാഹ്യമായ ഇടപെടലുകളിൽനിന്നും ഇന്ത്യയെ സംരക്ഷിക്കാനും അയൽരാജ്യങ്ങളുമായി സൗഹാർദ്ദത്തിൽ ജീവിക്കാനും പ്രദീപിനെപ്പോലെയുള്ള വ്യക്തികളുടെ കഷ്ടതയേറിയ ജീവിതം സഹായകരമാണ്. യേശു നമുക്കു വേണ്ടി മരിച്ചു. നാം ഓരോരുത്തരും സമാധാനത്തിലും ശ്രുതിചേർന്നും ജീവിക്കാൻ യേശുവിന്റെ സഹനത്താൻ ഇന്നു നമുക്കു സാദ്ധ്യമാകുന്നു.

കഷ്ടതകൾ സഹിക്കുന്നതിലും, ബന്ധങ്ങളിൽ ഒരു നല്ല മനോഭാവം പുലർത്തുന്നതിലും എത്ര നല്ല മാതൃകകളാണ് നാം ഓരോരുത്തരും?

ഒരേ ശബ്ദത്തോടും ഒരേ മനോഭാവത്തോടുംകൂടെ നമുക്ക് യേശുവിന്റെ കാലടികളെ പിന്തുടരാൻ പരിശീലിക്കാം.

**കൂടുതൽ പ്രതിഫലനത്തിന്:**

1. മറ്റുള്ളവരുമായുള്ള നിങ്ങളുടെ ബന്ധങ്ങളിൽ ഐക്യവും സമാധാനവും സ്ഥാപിക്കാനായി നിങ്ങൾ എന്തൊക്കെ കഷ്ടതകൾ സഹിച്ചിട്ടുണ്ടെന്ന് പരിശോധിച്ചു നോക്കാം. നിങ്ങളുടെ കാഴ്ചപ്പാടിൽ നിലവാരമില്ലാത്തവരെന്നും, നിങ്ങൾക്ക് ഇഷ്ടമില്ലാത്തവർ എന്നും തോന്നുന്നവരുമായി ഒരു ബന്ധം സ്ഥാപിക്കാൻ നിങ്ങൾ മുൻകൈ എടുക്കാറുണ്ടോ?

2. നിങ്ങളേക്കാൾ താഴ്ന്ന നിലവാരത്തിൽ ജീവിക്കുന്നവരുമായി സൗഹൃദബന്ധം സ്ഥാപിക്കാൻ നിങ്ങൾ ഒരുക്കമാണോ? പുരോഗതിയുണ്ടാക്കാൻ നിങ്ങളെ സഹായിക്കുന്ന ആളുകളുമായി മാത്രം താദാത്മ്യം പ്രാപിക്കാനാണോ നിങ്ങൾ ശ്രമിക്കുന്നത്?

3. നമുക്കു ബുദ്ധിമുട്ടു തോന്നുന്ന ആളുകളുമായി സ്വീകാര്യതയുടെ ഒരു മനോഭാവം വച്ചുപുലർത്താൻ നമുക്ക് ഈ ദിവസങ്ങളിൽ പ്രാർത്ഥിക്കാം.



ലൂസി സി വർഗ്ഗീസ്, ബെംഗലൂരു.

മൂന്നാം ദിവസം
**ഒരേ സ്വരം, ഒരേ സ്നേഹം**

**<u>പ്രതിഫലനചിന്ത:</u>**

നമ്മിൽ ചിലർക്ക് കടം ഉണ്ട്. ആ കടം വീട്ടി സ്വസ്ഥമാകുന്ന ഒരു ദിവസം വരുവാനായി നാം നോക്കിപ്പാർക്കുന്നു. നിങ്ങളുടെ കടത്തിന്റെ പലിശ കണ്ടമാനം കൂട്ടി, നിങ്ങൾ എത്ര അടച്ചാലും തീരാത്ത മട്ടിലുള്ള ഒരു ബാദ്ധ്യതയായി നിങ്ങളുടെ കടം വളർന്നു എന്ന് ഒരു ദിവസം നിങ്ങൾ അറിഞ്ഞാൽ എന്തായിരിക്കും നിങ്ങളുടെ പ്രതികരണം?


> **റോമർ 13:8**
> “സ്നേഹിപ്പാനുള്ള കടപ്പാടൊഴികെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. അയൽക്കാരനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിറവേറ്റിയിരിക്കുന്നു.”

മുകളിൽ നല്കിയ ചോദ്യത്തിന് എനിക്ക് നല്കാൻ കഴിയുന്ന ഉത്തരം നിരാശ, നിസ്സഹായത, ഹൃദയ തകർച്ച, വിഷാദരോഗം എന്നീ വാക്കുകളാണ്. എന്നാൽ നിങ്ങൾ കടപ്പെട്ടിരിക്കുന്ന വ്യക്തി വന്നിട്ട് “നിങ്ങളുടെ ജീവിതകാലം മുഴുവൻ അടച്ചാലും ഈ കടം തീരില്ല എന്നതു സത്യമാണ്, എന്നാലും ഭയപ്പെടേണ്ട, നിങ്ങളുടെ കടം വീട്ടാൻ വേണ്ടതെല്ലാം ഞാൻ നല്കിക്കൊള്ളാം, നിങ്ങൾ സ്വസ്ഥമായി ജീവിച്ചുകൊൾക” എന്നു പറയുന്ന ഒരു അവസ്ഥയെക്കുറിച്ചു ചിന്തിച്ചുനോക്കുക.

സ്നേഹിക്കാൻ നാം കടപ്പെട്ടവരാണ്, എന്നാൽ ഈ കടപ്പാട് നമ്മിൽനിന്നുമുള്ളതല്ല, ഇതു പൂർണ്ണമായും ദൈവത്തിൽ നിന്നുള്ളതാണ്. ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ, അവിടുന്ന് നമ്മോട് പരിശുദ്ധമായ സ്നേഹം കാണിച്ചു. ഒരു കടവുമായിട്ടാണ് നാം ജനിച്ചത് എന്നു നമുക്കു പറയാനാകും - സ്നേഹിക്കാനുള്ള കടം. മറ്റുള്ളവരെ സ്നേഹിക്കണം എന്നത് ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്ന ഒരു സംഗതിയാണ്.

എന്തുകൊണ്ടാണ് ഈ കടം ഒരു ബാദ്ധ്യതയാകുന്നത്? യേശു നമുക്കുവേണ്ടി കോരിച്ചൊരിഞ്ഞ സ്നേഹത്തിനും കൃപയ്ക്കും നാം എന്നന്നേക്കും കടപ്പെട്ടവരാണ്. യേശു നമുക്കുവേണ്ടി ചൊരിഞ്ഞ അതേ അളവിൽ ആ സ്നേഹം മറ്റുള്ളവരോടും ചൊരിയുക എന്ന ഒരേ ഒരു പോംവഴിമാത്രമാണ് യേശുവിനുവേണ്ടി നമുക്കു പകരമായി ചെയ്യാനുള്ളൂ. നമ്മുടെ സ്നേഹത്തെ വച്ചു താരതമ്യപ്പെടുത്തുമ്പോൾ നിത്യതയോളം നീണ്ടുനിൽക്കുന്ന രീതിയിലുള്ള വലിയ സ്നേഹമാണ് ക്രിസ്തുവിന്റേത്. അതിനാൽ തന്നെ നമുക്കു കഴിയാവുന്ന ഏറ്റവും മികച്ച രീതിയിൽ ജീവിതകാലം മുഴുവനും മറ്റുള്ളവരെ സ്നേഹിച്ചാലും നമ്മുടെ തിരിച്ചടവ് തീരുന്നില്ല.

സ്നേഹത്തെക്കുറിച്ച് ഈ വചനത്തിൽ പഠിപ്പിക്കുന്ന അടിസ്ഥാന പാഠവും ഇതുതന്നെയാണ്. നമുക്കു വേണമെങ്കിൽ പ്രകടിപ്പിക്കുകയോ അല്ലാത്തസമയത്ത് പിടിച്ചുവയ്ക്കുകയോ ചെയ്യാവുന്ന ഒരു വൈകാരിക പ്രതികരണം മാത്രമല്ല സ്നേഹമെന്നത്. നാം സ്നേഹിക്കുന്ന ആളുകൾ എത്രനല്ലവരാണെന്നോ എത്രയോഗ്യരാണെന്നോ ഉള്ള ഒരു തത്വത്തിൽ അടിസ്ഥാനപ്പെടുത്തിയ ഒരു കാര്യവുമല്ല ഇത്. സ്നേഹിക്കാനായി നമ്മോടു കല്പിച്ചിരിക്കുന്നു. വേർതിരിവുകളില്ലാതെ, സ്നേഹിക്കപ്പെടുന്ന ആൾ നല്ലതോ ചീത്തയോ മ്ലേച്ഛമായതോ എന്നുള്ള വിവേചന ചിന്തകളില്ലാതെ സ്നേഹിക്കാൻ.




ഇതു കഠിനമായ ഒരു ഉപദേശമാണ്, ഇത് ആർക്ക് ഉൾക്കൊള്ളാൻ കഴിയും! നമ്മുടെ സ്നേഹത്തിന്റെ കടക്കാരനാണ് നമുക്കു ചുറ്റുമുള്ള ഓരോ വ്യക്തിയും. നാം അവരെ സ്നേഹിക്കുന്നില്ലെങ്കിൽ, അവർക്കു വേണ്ടത് നാം ചെയ്തുകൊടുക്കുന്നില്ല. എന്നുമാത്രമല്ല, സ്നേഹത്തിന്റെ ഈ കടം എത്ര കൊടുത്താലും വീട്ടിതീരുന്നില്ല. എത്രമാത്രം നാം സ്നേഹിച്ചാലും സ്നേഹിക്കാനുള്ള ബാദ്ധ്യത വീണ്ടും നിലനില്ക്കുന്നു. സ്നേഹിക്കുന്നതിൽ നാം മടുത്തു പോകും, പ്രത്യേകിച്ച് നാം സ്നേഹിക്കുന്ന വ്യക്തി അതിനു

യോഗ്യതയുള്ള ഒരു വ്യക്തിയല്ലെങ്കിൽ. സ്നേഹിക്കാനുള്ള കടപ്പാട് നാം വീട്ടിയെന്ന് ചിലപ്പോൾ നമുക്കു തോന്നുകയും ചെയ്തേക്കാം. എന്നാൽ പൗലോസിന്റെ വാക്കുകൾ നാം ഹൃദയത്തിൽ ഏറ്റെടുക്കുമ്പോൾ, നന്ദികേടുകാണിക്കുന്നവരോടുപോലും നമ്മുടെ ഹൃദയം അടച്ചുവയ്ക്കാതെ അവരോടു ക്ഷമാപൂർവ്വം പെരുമാറാൻ നാം നമ്മെ പരിശീലിപ്പിക്കും.

**ന്യായപ്രമാണത്തിന്റെ പൂർത്തീകരണം**

നമ്മുടെ കടം മുഴുവൻ വീട്ടിത്തീർക്കാൻ നമുക്കു സാധിക്കുമോ? സ്നേഹം ന്യായപ്രമാണത്തെ പൂർത്തീകരിക്കുന്നുവെന്ന് പൗലോസ് പറയുന്നു. അയൽക്കാരനെ സ്നേഹിക്കുന്നത് ന്യായപ്രമാണത്തിന്റെ പൂർത്തീകരണമാണെന്ന് ചില യഹൂദപണ്ഡിതർതന്നെ സമ്മതിക്കുന്നുണ്ടെങ്കിലും (മത്തായി 22:39-40), പൗലോസ് ശ്രേഷ്ഠഗുരുവായി പരിഗണിക്കുന്നത് യേശുവിനെത്തന്നെയാണ്.

മറ്റു ന്യായപ്രമാണകല്പനകൾ മുഴുവൻ അനുസരിക്കുന്നതിനുള്ള താക്കോൽ സ്നേഹമാണെന്ന് പൗലോസ് എടുത്തു പറയുന്നു.

1. ന്യായപ്രമാണ കല്പനകൾ അനുസരിക്കുന്നതിനുള്ള അടിസ്ഥാന ചേരുവ സ്നേഹമാണ്. ന്യായപ്രമാണങ്ങൾ അനുസരിക്കേണ്ടതുണ്ട്, എന്നാൽ സ്നേഹം എന്നുള്ള അടിസ്ഥാന വികാരത്തിന്മേലല്ലാതെ അതു ചെയ്യാൻ നമുക്കാവില്ല.

2. മറ്റുള്ളവരോടുള്ള ആത്മാർത്ഥ സ്നേഹം ന്യായപ്രമാണത്തെ മാറ്റിവയ്ക്കുന്നു, കാരണം ന്യായപ്രമാണം അനുശാസിക്കുന്ന കാര്യങ്ങൾ നാം കല്പനകൂടാതെതന്നെ അനുസരിച്ച് ന്യായപ്രമാണം നിറവേറ്റുന്നു. പത്താം വാക്യത്തിൽ പൗലോസ് ചൂണ്ടിക്കാണിക്കുന്നതുപോലെ, “സ്നേഹം അയല്ക്കാരനു ദോഷം വരുത്തുന്നില്ല”. മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ നമുക്ക് കൊലപാതകം ചെയ്യാനോ, പരസംഗം ചെയ്യാനോ, മോഷ്ടിക്കാനോ, ദുരാഗ്രഹം വച്ചുകൊണ്ടിരിക്കാനോ കഴിയില്ല.

ദൈവം നമ്മോടു കല്പിക്കുന്ന “ഏകസ്നേഹ”ത്തിൽ ഉറച്ചുനിൽക്കുക എന്നതാണ് “ഏകസ്വരം” എന്നപ്രയോഗത്തിലൂടെ ദൈവം നമ്മോട് ആവർത്തിച്ച് ആവശ്യപ്പെടുന്നത്. ഇന്നത്തെ ലോകം നമ്മെ പഠിപ്പിക്കുന്നത് വ്യവസ്ഥകളോടു കൂടിയതും സ്വന്തം ആവശ്യങ്ങൾ നിറവേറ്റുന്നതുമായ ഒരു സ്നേഹത്തെക്കുറിച്ചാണ് - മറ്റുള്ളവരിൽ നിന്നു തിരിച്ചു പ്രതീക്ഷിക്കുന്നതും, നിയമാനുസൃതമായതും, വ്യക്തിപരമായ നേട്ടങ്ങൾ ഉൾക്കൊള്ളുന്നതുമായ സ്നേഹം. മാതാപിതാക്കളിൽനിന്നും, ജീവിത പങ്കാളിയിൽനിന്നും, മക്കളിൽനിന്നും, സുഹൃത്തുക്കളിൽനിന്നും, സമൂഹത്തിൽനിന്നുമെല്ലാം നമുക്ക് സ്നേഹം അനുഭവിക്കാൻ കഴിയും, എന്നിരുന്നാലും ഇവയിലെല്ലാം വ്യവസ്ഥകൾ അടങ്ങിയിട്ടുണ്ട്. നാം കടന്നുപോകുന്ന സാഹചര്യങ്ങളെയും നാം ഇടപഴകുന്ന ആളുകളെയും അടിസ്ഥാനമാക്കി മാറ്റി മാറ്റിവയ്ക്കുന്ന ഒരു മാസ്ക് പോലെയായിത്തീരുന്നു പലപ്പോഴും നമ്മുടെ സ്നേഹം.

പല സമയങ്ങളിലും ദൈവത്തെ സ്നേഹിക്കുന്നു എന്നു നാം അവകാശപ്പെടും. *“ദൈവത്തെ സ്നേഹിക്കുന്നതുകൊണ്ടാണ് ഞാൻ അവിടുത്തെ സേവിക്കുന്നത്”. “ഞാൻ പ്രാർത്ഥിക്കുകയും ബൈബിൾ പഠിക്കുകയും യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നത് ഞാൻ ദൈവത്തെ സ്നേഹിക്കുന്നതു കൊണ്ടാണ്”* എന്നൊക്കെ. എന്നിരുന്നാൽ പോലും ചിലരോടുള്ള നീരസം നാം ഉള്ളിൽ സൂക്ഷിക്കുകയും ചെയ്യും. അവരോടു നാം സംസാരിക്കുകയില്ല, അവരെക്കുറിച്ചു കോപം ഉള്ളിൽ സൂക്ഷിക്കും, അവരെ വിധിക്കും, അവരുടെ പെരുമാറ്റത്തെ പ്രതി അവരെ കുറ്റം പറയും. നമുക്ക് സൗകര്യപ്രദമല്ലാത്ത ചില ആളുകളെ നാം ഒഴിവാക്കുകയും ചെയ്യും.

നമ്മുടെ സഹോദരീസഹോദരന്മാരെ സ്നേഹിക്കാൻ ബുദ്ധിമുട്ടുന്ന നാം എങ്ങനെയാണ് ദൈവത്തെ സ്നേഹിക്കുന്നത്? 1 യോഹന്നാൻ 4:20 ഇപ്രകാരം പറയുന്നു: "ആരെങ്കിലും ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ കള്ളനാണ്. എന്തെന്നാൽ താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല”.

ഞെട്ടിപ്പിക്കുന്ന ഒരു സത്യമാണിത്. *"നിങ്ങൾക്കു ദൈവത്തോടു സ്നേഹമില്ല"* എന്ന് ആരെങ്കിലും നമ്മോടു പറഞ്ഞാൽ അതുൾക്കൊള്ളാൻ നമുക്കു പ്രയാസമാണ്. എന്നിരുന്നാലും, സഹോദരങ്ങളെ സ്നേഹിക്കാതിരിക്കുമ്പോൾ നാം നിശ്ചയമായും ചെയ്യുന്നത് ഇതുതന്നെയാണ്.

**എന്റെ ജീവിതത്തിൽനിന്ന്**

മുഴുവൻ സമയ ശുശ്രൂഷയ്ക്കുള്ള പരിശീലനം ലഭിക്കുമ്പോൾ എനിക്കുണ്ടായ ഒരു അനുഭവം പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ചെയ്യുന്ന കാര്യങ്ങളെയെല്ലാം ചോദ്യം ചെയ്യുന്ന ഒരു

മേൽവിചാര സഹോദരി എനിക്കുണ്ടായിരുന്നു. നിരന്തരമായ അവരുടെ ചോദ്യംചെയ്യൽ എന്നിൽ അസ്വസ്ഥത ഉളവാക്കുമായിരുന്നു, അവരെക്കുറിച്ചുള്ള വികാരങ്ങൾ ഞാൻ ഉള്ളിൽ കൂട്ടിവയ്ക്കുകയും ചെയ്യുമായിരുന്നു - അവർ ഒരു മുൻവിധിക്കാരിയാണ്, എന്നെ മനസ്സിലാക്കാനുള്ള ത്രാണി അവർക്കില്ല എന്നൊക്കെ. ഇതിന്റെയെല്ലാം അനന്തരഫലമായി അവരോട് എന്റെ മനസ്സുതുറന്നു സംസാരിക്കാൻ കഴിയാതെവന്നു. എന്നാൽ ഒരുദിവസം ഇതെല്ലാം കൂടി ഞാൻ അവരുടെയടുത്തു പ്രകടിപ്പിച്ചു.

എന്നാൽ എന്നെ അതിശയപ്പെടുത്തിയ കാര്യം, അവർ എന്നോടു വളരെ സൗമ്യമായി പെരുമാറി, എന്റെ ഹൃദയവികാരങ്ങൾ മനസ്സിലാക്കാൻ കൂടുതലായി ശ്രമിക്കുകയും ചെയ്തു. എനിക്കു പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞാൽ അവർ എന്നോടു ക്ഷമിക്കില്ല എന്നൊരു മുൻവിധി എനിക്ക് അവരെക്കുറിച്ചു ണ്ടായിരുന്നു. പിന്നീട് ഒരു ദിവസം അവർ എന്നെ അവരുടെ വീട്ടിലേക്കു ക്ഷണിച്ചു, കൂടുതൽ തുറന്നു സംസാരിക്കാൻ എന്നെ പ്രോത്സാഹിപ്പിച്ചു, പിന്നീട് എന്റെ പാദങ്ങൾ കഴുകാൻ അവർ തയ്യാറായി ഇരിക്കുകയായിരുന്നു.

അവരെക്കുറിച്ചു മോശമായ രീതിയിൽ ഞാൻ സംസാരിച്ചിട്ടുപോലും, വിനയത്തോടെ ആ സഹോദരി എന്റെ പാദങ്ങൾ കഴുകി. ഞാൻ കണ്ണുനീരിലായിരുന്നു. സ്വയം പ്രതിരോധിക്കാൻ ശ്രമിക്കാതെ, യേശുവിന്റെ സ്നേഹം എന്നോടു പ്രകടിപ്പിക്കാനായിരുന്നു ആ സഹോദരി ശ്രമിച്ചത്. ആ ദിവസം മുതൽ അവർ എന്റെ മേൽവിചാരക മാത്രമല്ലാതെ ഞങ്ങൾ ഉറ്റ സുഹൃത്തുക്കളുമായി മാറി.


**കൂടുതൽ പ്രതിഫലനത്തിന്:**

1. പരസ്പരം സ്നേഹിക്കാനായി നമ്മോട് ആവശ്യപ്പെടുന്ന ആ "ഒരുസ്വരം" നാം കേൾക്കുന്നുണ്ടോ? ക്രസ്തുവിന്റെ സ്നേഹം പ്രകടിപ്പിക്കാനായി മറ്റുള്ളവരുടെയടുക്കൽ മുൻകൈ എടുക്കുന്ന ഒരു വ്യക്തിയാണോ നിങ്ങൾ?

2. ഒരു വ്യക്തിയെ കാണുമ്പോൾ, അവരെ സ്നേഹിക്കാനായി നിങ്ങൾക്കുള്ള കടം നിങ്ങൾ തിരിച്ചറിയുന്നുണ്ടോ?

3. സ്നേഹം നല്കാതെ മാറ്റിവച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും സഹോദരി/സഹോദരൻ നിങ്ങൾക്കുണ്ടോ? ക്രിസ്തുവിന്റെ സ്നേഹം അവരോടു പ്രകടിപ്പിക്കാനായി ഇന്ന് അവരെ സമീപിക്കാൻ നിങ്ങൾക്ക് കഴിയുമോ?

4. സ്നേഹിക്കാനായി നിങ്ങൾക്കുള്ള കടം നിങ്ങൾ തിരിച്ചു നല്കുന്നുണ്ടോ എന്ന് ദൈവം പരിശോധിച്ചാൽ, എന്തായിരിക്കും ദൈവത്തിനു നിങ്ങളെക്കുറിച്ചു പറയുവാൻ കഴിയുക?



ജോസ്ഫിൻ ത്യാഗു, ട്രിച്ചി.

നാലാം ദിവസം
**ഒരേ സ്വരം, ഒരേ വ്യക്തിത്വം**

**പ്രതിഫലനചിന്ത:**

ദൈവം നിങ്ങളിൽനിന്ന് ആഗ്രഹിക്കുന്ന പ്രകാരം നിങ്ങൾക്കുണ്ടെന്നു പറയാൻ കഴിയുന്ന വ്യക്തിപരമായ ഒരു ഗുണം എന്താണ്? ദൈവത്തോടൊത്തുള്ള നിങ്ങളുടെ യാത്രയിൽ ഏതെങ്കിലുമൊരു കാലഘട്ടത്തിലേത് ആകാം ഇത്.

**റോമർ 8:15-17**

16അങ്ങനെ നാം ദൈവത്തിന്റെ മക്കളാണെന്ന് ആത്മാവുതന്നെ നമ്മുടെ ആത്മാവോടു ചേർന്നു സാക്ഷ്യപ്പെടുത്തുന്നു. 17നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളും തന്നേ. നാം ക്രിസ്തുവിനോടു കൂടെ അവിടുത്തെ കഷ്ടതയിൽ പങ്കാളികളാകുന്നുവെങ്കിൽ അവിടുത്തെ മഹത്ത്വത്തിന്റെയും പങ്കാളികളായിത്തീരും.

ഒരു വ്യക്തിയുടെ ജീവിതത്തിനു രൂപം നല്കുന്ന സംഗതിയാണ് അയാളുടെ വ്യക്തിത്വം. ഒരാളെ നശിപ്പിക്കാനോ പടുതുയർത്താനോ അതിനു കഴിവുണ്ട്. പോസിറ്റീവായ/സ്വീകാര്യയോഗ്യമായ ഒരു വ്യക്തിത്വമാണ് സകലരും ആഗ്രഹിക്കുകയും കാംക്ഷിക്കുയും ചെയ്യുന്നത്. നാം ഓരോരുത്തരും അതിനുപിന്നാലെയുള്ള അലച്ചിലിലാണ്. നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും നമ്മിലെ വ്യക്തിത്വം രൂപപ്പെടുന്നതിൽ പങ്കുവഹിക്കുന്നു. എന്നിരുന്നാലും ബൈബിൾ പറയുന്നത് നമുക്കൊരു വ്യക്തിത്വം നിലവിലുണ്ട് എന്നുതന്നെയാണ് - നാം ദൈവമക്കളാണ്. ദൈവത്തിന്റെ കുടുംബം എന്നുതന്നെയാണ് സഭയെ വിശേഷിപ്പിക്കുന്നത് (എഫേസ്യർ 2:19-21). നാം ദൈവമക്കളാണെന്നും ക്രിസ്തുവിൽ കൂട്ടവകാശികളാണെന്നും പൗലോസ് ചൂണ്ടിക്കാണിക്കുന്നു. അതായത് ഇപ്പോൾ നമുക്ക് ഒരു വ്യക്തിത്വമുണ്ട്. നിങ്ങളുടെ ഭൂതകാലവും, നിങ്ങളുടെ പരാജയങ്ങളുമൊന്നും നിങ്ങളെ നിർവചിക്കുന്നില്ല. നാം ദൈവത്തിന്റെ പുത്രികളാണ്, നമ്മുടെ വലിയ സഹോദരനായ യേശുക്രിസ്തുവിന്റെ അവകാശത്തിൽ പങ്കുകൊള്ളുന്നവരുമാണ്. നമ്മുടെ ജീവിതം ഇപ്പോൾ ദൈവത്തിലായിരിക്കുന്നു, ദൈവം നമ്മെ പക്ഷഭേദമില്ലാതെ പരിഗണിക്കുന്നു.

ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും, സന്തോഷകരവുമായ ഈ ഒരു വലിയ കുടുംബത്തെ നിങ്ങൾക്കു സങ്കല്പിച്ചു കാണാൻ സാധിക്കുന്നുണ്ടോ? നമ്മെ സ്നേഹിക്കുകയും, സ്വീകരിക്കുകയും, പുത്രനോ പുത്രിയോ ആയി നമ്മെ ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു പിതാവു നമുക്കുള്ളതുമായ ഒരു കുടുംബത്തെ? അസൂയയോ ന്യായവിധിയോ കുറ്റവിധിയോ കൂടാതെ തന്റെ സ്വത്തുമുഴുവൻ നമ്മോടൊത്തു പങ്കുവയ്ക്കാൻ മനസ്സുള്ള ഒരു പിതാവിനെ നിങ്ങൾക്കു സങ്കല്പിക്കാൻ സാധിക്കുന്നുണ്ടോ? ഇതു മനസ്സിലാക്കിയെടുക്കാൻ നമുക്കു ബുദ്ധിമുട്ടായേക്കാം, കാരണം നാം ഈ ലോകത്തിൽ അനുഭവിക്കുന്നത് ഇതിനു നേരെ വിപരീതമായ നിലപാടുകളാണ്. ലോകത്തിൽ ഇതു നമുക്കു കാണാനോ അനുഭവിക്കാനോ സാധിച്ചില്ലെങ്കിലും ദൈവത്തിന്റെ കുടുംബത്തിൽ ഇതെല്ലാം സാദ്ധ്യമാണ്. അളവുകൾക്കതീതമായ തന്റെ കൃപയാൽ ദൈവം നമുക്കായി ഈ വ്യക്തിത്വം നല്കി. എന്തുവിലകൊടുത്താലും നമുക്ക് സ്വായത്തമാക്കാൻ സാധിക്കാത്ത ഒരു നേട്ടമാണിത്, നമുക്കോരോരുത്തർക്കും ദാനമായി തന്ന ഒരു സമ്മാനം.

ദൈവത്തെ പുണരാൻ തടസ്സമായി നമ്മുടെ ജീവിതത്തിൽ നില്ക്കുന്ന വേദനയോ പ്രയാസങ്ങളോ ദുരനുഭവങ്ങളോ ആകുലതയോ ഒക്കെയുണ്ടായിരിക്കാം, നമ്മെ ഭാരപ്പെടുത്തുന്ന കാര്യങ്ങൾ. ദൈവത്തിന്റെ പുത്രികൾ എന്ന നിലയിൽ നമുക്ക് അവിടുത്തോട് ധൈര്യത്തോടെ അടുത്തുചെല്ലാം, ചിലപ്പോൾ നമ്മുടെ ഭൗതിക പിതാവിന്റെ അടുത്ത് ഇതുപോലെ ചെല്ലാൻ സാധ്യമായില്ലെങ്കിലും. നമ്മിലെ തകർന്ന ജീവിതസാഹചര്യങ്ങൾ നമുക്ക് “വിലയില്ലാത്തവർ” എന്ന ഒരു തോന്നൽ നല്കുന്നുണ്ടാകും. വ്യക്തിത്വത്തെ സംബന്ധിച്ച് നമുക്ക് സന്ദേഹങ്ങൾ നിലനിൽക്കുന്നുണ്ടാകും. ഇരുട്ടിലെവിടെയോ മുന്നോട്ടുവഴിയില്ലാതെ ബന്ധിതമാക്കപ്പെട്ടിരുന്ന് നമ്മുടെ തകർന്ന വ്യക്തിബോധം പുനർ നിർമ്മിച്ചെടുക്കാൻ നാം ശ്രമിക്കുന്നുണ്ടാകാം.



എന്റെ ജീവിതത്തിൽ മുന്നോട്ടില്ലാത്ത രീതിയിൽ തങ്ങിനിന്ന ഒരു സമയമുണ്ടായിരുന്നിട്ടുണ്ട്. എന്റെ ഭൂതകാലവും ഞാൻ കടന്നുപോയ ദുരനുഭവവുമെല്ലാം എന്നെ നിർവ്വചിച്ച ഒരു സമയമുണ്ടായിരുന്നു. എന്നെ ആശയക്കുഴപ്പത്തിലാക്കിയ സമയങ്ങൾ. എന്നിലർപ്പിച്ച ഉന്നതമായ പ്രതീക്ഷകൾ എന്നെയും എന്റെ വ്യക്തിത്വത്തെയും ഹനിച്ചിരുന്ന ഒരു സമയമാണത്. ഞാൻ ആരാണെന്ന് എനിക്കറിയില്ലായിരുന്നു, മറ്റുള്ളവരെയും എന്നെയും സന്തോഷിപ്പിക്കാനായി ഞാൻ വേറെ ആരോ ആകാൻ ശ്രമിച്ചിരുന്ന സമയം. ഞാൻ ആശയക്കുഴപ്പത്തിലായിരുന്നു. സ്നാനത്തിനുശേഷവും ഇത്തരമൊരു അവസ്ഥയിലൂടെ തന്നെ

ഞാൻ കടന്നുപോയി, ക്രിസ്തുവിൽ എന്റെ വ്യക്തിത്വം കാണുന്നതുവരെ. ദൈവത്തിന്റെ മകളാണു ഞാനെന്നും, ദൈവത്തിനുമുമ്പിൽ ഞാൻ വിലപിടിപ്പുള്ളവളാണെന്നും (ഏശയ്യ 43:1-4) ഞാൻ മനസ്സിലാക്കി. അതിശയകരമായും ഭയങ്കരവുമായും തന്റെ മഹത്വത്തിനുവേണ്ടിയാണ് ദൈവം എന്നെ സൃഷ്ടിച്ചത് (സങ്കീർത്തനം 139:14). എന്റെ ഭൂതകാലം എന്നെ നിർവ്വചിക്കേണ്ടതില്ല, എന്റെ ദുരനുഭവങ്ങൾ എന്നെ ഭരിക്കേണ്ടതില്ല, കാരണം ഞാൻ ഇനിയെന്നും ദൈവത്തിന്റെ മകളാണ്. ഈ പുതിയ വ്യക്തിത്വത്തെ ഞാൻ ഉൾക്കൊണ്ടപ്പോൾ എല്ലാക്കാര്യങ്ങളും വ്യത്യസ്തമായി. ജീവിതത്തിലെ ചെറിയകാര്യങ്ങൾ പോലും ഞാൻ ആസ്വദിക്കാൻ തുടങ്ങി. യോഗ്യയല്ലാതിരുന്നിട്ടുപോലും ദൈവം എന്നെ തന്റെ മകളായി സ്വീകരിച്ചെന്ന് എനിക്കു മനസ്സിലായി. ക്രിസ്തുവിൽ എനിക്കായി അവകാശം വച്ചിരിക്കുന്നു, എനിക്കായി തന്റെ ജീവനെ നല്കാൻ പോലും മടികാണിക്കാത്ത ക്രിസ്തുവിൽ.


പ്രിയ സഹോദരിമാരേ, വീണ്ടും ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു - നിങ്ങൾ ദൈവത്തിന്റെ മകളാണ്. മറ്റൊന്നും വിശ്വസിക്കേണ്ടതില്ല. ഇതാണു നിങ്ങളുടെ വ്യക്തിത്വം. ഇതിൽ നിങ്ങൾ ഉറച്ചുനില്ക്കുക, എല്ലാദിവസവും ഈ കാഴ്ചപ്പാടനെക്കുറിച്ചു ധ്യാനിക്കുന്നത് ശീലമാക്കുക. നിങ്ങളുടെ സ്നേഹപിതാവായ ദൈവത്തെ സ്വീകരിക്കുക. നിങ്ങളുടെ തകർന്ന ഭൂതകാലം നിങ്ങളെ നിർവ്വചിക്കേണ്ടതില്ല, കാരണം നിങ്ങൾ ഇപ്പോൾ ക്രിസ്തുവിനുള്ളവളാണ്. ദൈവത്തിന്റെ മകൾ എന്ന നിലയിൽ നമുക്ക് ഓരോദിവസവും ജീവിക്കാം, ഓരോ നിമിഷവും ആസ്വദിച്ചു ജീവിക്കാം, അങ്ങനെ ദൈവത്തെ മഹത്വപ്പെടുത്താം. ദൈവപുത്രിയെന്നുള്ള നമ്മുടെ വ്യക്തിത്വത്തിൽ നാം ജീവിക്കുമ്പോൾ, ദൈവത്തിന്റെ കുടുംബമായി നമുക്ക് സഭയെ വളർത്താനാകും.

**കൂടുതൽ പ്രതിഫലനത്തിന്:**

1. ക്രിസ്തുവിലുള്ള എന്റെ വ്യക്തിത്വം സ്വന്തമാക്കാൻ എന്നെ തടസ്സപ്പെടുത്തുന്ന എന്തെങ്കിലും കാര്യമുണ്ടോ? എന്താണത്?

2. ദൈവമകൾ എന്ന വ്യക്തിത്വത്തിൽ ജീവിക്കാൻ എന്നെ അനുവദിക്കാതെ, എന്നെ ആശയക്കുഴപ്പത്തിലാക്കുന്ന സാത്താന്റെ നുണകൾ ഏതിലെങ്കിലും ഞാൻ വിശ്വസിക്കുന്നുണ്ടോ?

3. ദൈവത്തിന്റെ മകൾ എന്ന നിലയിൽ ദൈവം എന്നെക്കുറിച്ചോർത്ത് ആഘോഷിക്കുന്നത് ഏതെല്ലാം രീതിയിലാണ്? ദൈവത്തിന്റെ പുത്രിസ്ഥാനത്തിന് ഏതൊക്കെ രീതിയിലാണ് ഞാൻ നന്ദിപ്രദർശിപ്പിക്കുന്നത്?



ബ്ലെസ്സി ജെ റ്റി, കൊച്ചി.

അഞ്ചാം ദിവസം
**ഒരേ സ്വരം, ഒരേ മനസ്സ്**

**പ്രതിഫലനചിന്ത:**

അവസാനമായി എന്നാണ് നിങ്ങൾ നിങ്ങളുടെ മനസ്സിലേക്ക് ഒരു നല്ല നോട്ടം നോക്കിയത്? (ആത്മപരിശോധന നടത്തിയത്?)

**റോമർ 12:1-2**
1ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം മൂലം ഞാൻ നിങ്ങളെ
പ്രബോധിപ്പിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രസാദകരവുമായ
ജീവനുള്ള യാഗമായി സമർപ്പിക്കുവിൻ; ഇതത്രേ നിങ്ങളുടെ ആത്മീയാരാധന 2ഈ

> ലോകവ്യവസ്ഥയ്ക്ക് അനുരൂപരാകാതെ, മനസ്സിന്റെ പുതുക്കത്തിലൂടെ നിങ്ങൾ രൂപാന്തരപ്പെടുവിൻ. അപ്പോൾ നല്ലതും പ്രസാദകരവും പരിപൂർണ്ണവുമായ ദൈവഹിതം എന്തെന്നു ശോധനചെയ്ത് അംഗീകരിക്കുവാൻ നിങ്ങൾ പ്രാപ്തരാകും.

എന്റെ മനസ്സിനെ മനസ്സിലാക്കി എടുക്കുക എന്നത് എന്നെ സംബന്ധിച്ച് വലിയൊരു ജോലിതന്നെയാണ്. എന്നെ സംബന്ധിച്ച് സമയവും സന്ദർഭവും ഒരുക്കപ്പെട്ട ഒരു ഹൃദയവും സുരക്ഷിതമാണെന്ന ഒരു തോന്നലുമെല്ലാം പ്രധാനപ്പെട്ടതാണ്.

ചില സാഹചര്യങ്ങളിൽ നമ്മിലുണ്ടാകുന്ന സഹജമായ പ്രതികരണങ്ങളെക്കുറിച്ച് നാം അതൃപ്തരാണെങ്കിൽ - ഇത്തരം പ്രതികരണങ്ങൾ സമാനമായ സാഹചര്യങ്ങളിൽ ആവർത്തിക്കപ്പെടുന്നതായി നമുക്കു തോന്നുകയും ചെയ്യുന്നുണ്ടെങ്കിൽ - നമ്മുടെ മനസ്സിനെക്കുറിച്ച് ഒന്ന് ഇരുന്നു പരിശോധിക്കുന്നത് ശരിയായ ഒരു കാര്യമായിരിക്കും. നമ്മുടെ ചിന്തകളെ (മനോവ്യാപാരങ്ങളെ) പരിശോധിക്കേണ്ടത് സുപ്രധാനമായ ഒരു കാര്യമാണെന്ന് ജ്ഞാനമുള്ള പലരും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്, ശലമോൻ രാജാവ് അത്തരത്തിൽ ഒരാളാണ്. പൂർണ്ണജാഗ്രതയോടെ നിന്റെ ഹൃദയത്തെ സൂക്ഷിച്ചുകൊള്ളുക, അതിൽനിന്നല്ലോ ജീവന്റെ ഉറവ പുറപ്പെടുന്നത് (സദൃശവാക്യം 4:23).

നമ്മുടെ ചിന്തകൾ നമ്മെ രൂപപ്പെടുത്തുന്നു എന്നത് നമ്മിൽ മിക്കവരും കേട്ടിരിക്കാൻ ഇടയുള്ള ഒരു പ്രസ്താവനയാണ്. നമ്മുടെ ചിന്തകൾ നാം എന്തു തിരഞ്ഞെടുക്കുന്നു എന്നതിനെ സ്വാധീനിക്കും, നമ്മുടെ ജീവിതരീതികളെ നിയന്ത്രിക്കും. പെരുമാറ്റശ്രസ്ത്രജ്ഞരുടെ അഭിപ്രായമനുസരിച്ച്, നമ്മുടെ ഓരോ ചിന്തയിലും ഓരോ വികാരങ്ങളുടെ തുടിപ്പുണ്ട്, ആ വികാരമാണ് നമ്മെ സന്തോഷത്തിലേക്കോ കോപത്തിലേക്കോ ഒക്കെ അടുപ്പിക്കുന്നതും അകറ്റുന്നതും. ആകയാൽ, നാം ജീവിതത്തെ അനുഭവിക്കുന്നതും നാം എപ്രകാരം ജീവിക്കുന്നു എന്നതുമെല്ലാം നമ്മുടെ മനസ്സിന്റെ കൈപ്പിടിയിൽ നില്ക്കുന്ന കാര്യങ്ങളാണ്. നമ്മെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകൾ വസ്തുനിഷ്ഠമാണെന്ന് നാം ചിന്തിക്കുന്നതുപോലെയല്ല യഥാർത്ഥത്തിലുള്ളത്. നമ്മുടെ ഉൾക്കാഴ്ചകളെ വികലമാക്കാനും, നമുക്കു യാതൊരു നിയന്ത്രണവുമില്ല എന്ന തോന്നലുണ്ടാക്കുന്നവിധത്തിൽ നമ്മുടെ ഉള്ളിലെ പല പ്രതികരണങ്ങളെയും പുറത്തുകൊണ്ടുവരുവാനും പറ്റുന്ന സാഹചര്യങ്ങളും വിഷയങ്ങളും നമ്മുടെ ജീവിതത്തിലേക്ക് അടിക്കടിയായി വരികയും ചെയ്യുന്നു. നമുക്കു പരിചയമില്ലാത്ത രീതിയിൽ നമ്മുടെമേൽ ആധിപത്യം പുലർത്തുന്ന ആഗ്രഹങ്ങളും സ്വപ്നങ്ങളും നമ്മിൽ കാണാനും ഇടയുണ്ട്.




റോമർ 12:2ൽ *പുതുക്കുക* എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് *anakainosis* എന്ന ഗ്രീക്കുവാക്കാണ്. പരിപൂർണ്ണമായ നവീകരണം, അടിമുടിയായ പുതുക്കിപ്പണിയൽ എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. *മനസ്സിന്റെ പുതുക്കത്തിലൂടെ നിങ്ങൾ രൂപാന്തരപ്പെടുവിൻ* എന്നു പൗലോസ് പറയുമ്പോൾ, ദൈവഹിതത്തിനു വിധേയപ്പെടുവാനായി നിങ്ങളുടെ മനസ്സിനെ ബലപ്രയോഗത്തിലൂടെ കീഴടക്കുന്നതിനു പകരം, ദൈവഹിതം നമ്മുടെ ഇഷ്ടമായി മാറുന്ന വിധത്തിൽ, നമ്മുടെ ഇച്ഛാശക്തിയെ രൂപപ്പെടുത്തുകയും വളർത്തുകയും മാറ്റം വരുത്തുകയും ചെയ്യുക എന്നാണ് പൗലോസ് അർത്ഥമാക്കുന്നത്. ലോകമോഹങ്ങളും അതിന്റെ വഴികളും അഹങ്കാരവും (1 യോഹന്നാൻ 2:16) മുൻകാലങ്ങളിലേതു പോലെ നമുക്ക് ആകർഷകമല്ലാതെയാകുന്ന, ദൈവതിരുഹിതം നമ്മുടെ ഹൃദയത്തിന്റെയും അഭിലാഷമായി മാറുകയും ചെയ്യുന്ന ഒരു മാനസിക അവസ്ഥയിലേക്കു നമ്മൾ രൂപപ്പെടുകയാണു ചെയ്യുന്നത്.

ഈ വേദഭാഗം തുടങ്ങുന്നത് "ആയതിനാൽ" എന്നതായതുകൊണ്ടും, ഇതിനുമുമ്പു പരാമർശിക്കുന്ന കാര്യങ്ങൾ പരിഗണിക്കുമ്പോഴും, ഈ പ്രവൃത്തി നമ്മുടെ ഇച്ഛാശക്തികൊണ്ടു മാത്രം നടപ്പിൽ വരുത്താൻ കഴിയുന്ന ഒരു കാര്യമല്ല എന്നത് സുവ്യക്തമാണ്. ദൈവത്തിന്റെ കൃപയും കരുണയും നമ്മിൽ ഉണ്ടായേ പറ്റൂ. അതേസമയം തന്നെ ദൈവത്തിനു പ്രസാദകരവും വിശുദ്ധവുമായ രീതിയിൽ നമ്മെത്തന്നെ സമർപ്പിക്കുകയും വേണം.

ദൈവം എത്രമാത്രം ശക്തനാണെന്നു നാം മനസ്സിലാക്കുകയും, ദൈവത്തിന്റെ കൃപ നമുക്ക് എത്രവലിയ അനുഗ്രഹമാണെന്നു നാം മനസ്സിലാക്കുകയും ചെയ്യുമ്പോൾ അവിടുത്തെ കരുണ എത്രമാത്രമാണെന്നു ഗ്രഹിക്കാൻ നമുക്കു സാധിക്കുന്നു. ദൈവത്തിന്റെ കരുണയെ പൂർണ്ണമായി മനസ്സിലാക്കാതെ ജീവനുള്ള ഒരു യാഗമായി നമ്മെത്തന്നേ വിധേയപ്പെടുത്താനോ അതിനുള്ള ഒരു ആഗ്രഹം നമ്മിൽ ഉണ്ടാക്കുവാനോ കഴിയില്ല - നമ്മിലെ പഴയമനുഷ്യനെ പൂർണ്ണമായി മാറ്റിനിർത്തുന്ന രീതിയിൽ. ജീവിതകാലമത്രയും നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയതന്നെയാണിത്, നാം അവനുമുമ്പിൽ ഒരു യാഗമായി നമ്മെ സമർപ്പിക്കുമ്പോൾ നമ്മെ ആയാസപ്പെടുത്താതെ ദൈവം നമ്മിൽ പ്രവർത്തിക്കുന്നുവെന്നു തിരിച്ചറിഞ്ഞുകൊണ്ട്, നാം നമ്മോടുതന്നെ ക്ഷമാപൂർവ്വം ഇടപെടുകയും വേണം.

ഈ വാക്യത്തിൽ സംസാരിക്കുന്ന വേറൊരു കാര്യം വിശുദ്ധവും ദൈവത്തിനു പ്രസാദകരവും എന്ന വാക്കുകളാണ്. നമ്മുടെ യാഗം ദൈവത്തിൽ ആശ്രയം വയ്ക്കുന്നതും ശുദ്ധമായ ഒരു ഹൃദയത്തിൽനിന്നുമാകണം, സ്വയമായുള്ള നമ്മുടെ പ്രവൃത്തിവൈഭവത്താലോ നമ്മെപ്രചോദിപ്പിക്കുന്ന കാര്യങ്ങളാലോ നയിക്കപ്പെടാതെ.

ഇത്തരം ഒരു ആരാധനയാണ് സത്യമായതും യുക്തമായതുമായ ആരാധന; ആത്മാവിലും സത്യത്തിലുമുള്ള ആരാധനയെന്ന് യോഹന്നനാൻ 4:24ൽ യേശു ചൂണ്ടിക്കാണിക്കുന്നതുപോലെയുള്ള ഒരു ആരാധന.

ദൈവത്തെ ആരാധിക്കുമ്പോൾ നാം അവിടുത്തെ സാന്നിദ്ധ്യത്തിലേക്കു പ്രവേശിക്കുന്നു. അവിടുത്തെ മഹത്ത്വത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ഹൃദയത്തെയും മനസ്സിനെയും പരിശോധിച്ചറിയാനുള്ള ഒരു അവസരം ആരാധനയിലൂടെ നമുക്കു ലഭിക്കുന്നു.

നമ്മുടെ ചിന്തകളെക്കുറിച്ചു ചിന്തിക്കുന്നത് എളുപ്പമായ ഒരു പ്രക്രിയയല്ലെന്ന് ഞാൻ സമ്മതിക്കുന്നു. എന്റെ ചിന്തകളെ പരിശോധിച്ച് അവയ്ക്ക് ഒരു പേരുവിളിക്കാൻ ശ്രമിച്ചാൽ, അത് എപ്രകാരമായിത്തീരും? ലോകത്തിന്റെ രീതികൾക്ക് അനുരൂപപ്പെട്ട എന്നിലെ ചിന്തകളുടെ വിവിധ തലങ്ങൾ മനസ്സിലാക്കിയെടുക്കണമെങ്കിൽ, യാചനയും സംസാരവുമായി ദൈവത്തിനുമുന്നിൽ ഇരിക്കാതെ, ദൈവത്തോട് ആശയവിനിമയംചെയ്ത് ആത്മപരിശോധനയുമായി ദൈവത്തിനുമുന്നിൽ ഞാൻ വ്യാപരിക്കേണ്ടതുണ്ട്.

ദൈവത്തെ ആഗ്രഹിക്കുന്നതിനേക്കാൾ കൂടുതലായി ഈ ലോകത്തിന്റെ ആശയങ്ങളെ ആഗ്രഹിക്കുമ്പോഴാണ് നാം ഈ ലോകത്തിന് അനുരൂപരാകുന്നത് എന്നു പറയാം.

അനുരൂപപ്പെടുക എന്നു പറയുന്നതിന്റെ അർത്ഥം വിടാതെ പറ്റിക്കൂടിനിൽക്കുന്ന പെരുമാറ്റ രീതികൾ എന്നാണ്, പഠിച്ചുവച്ചിരിക്കുന്ന രീതികൾ മാറ്റിയെടുക്കുന്നത് ബുദ്ധിമുട്ടുമാണ്. ഓരോരോ സാഹചര്യങ്ങൾ നാം അഭിമുഖീകരിക്കുമ്പോൾ നമ്മിൽ പ്രകൃത്യാ ആവർത്തിച്ച് ഉടലെടുക്കുന്ന പ്രതികരണ രീതിയെയാണ് അനുരൂപപ്പെടുക എന്നു പറയുന്നത്, അതുനമ്മിലേക്കു വന്നുപോകുന്നു, നാം പ്രത്യേകിച്ച് ഈ പെരുമാറ്റം വരുത്താനായി യത്നിക്കേണ്ടതില്ല. എന്നാൽ ഇത്തരത്തിലുള്ള ലോകാനുരൂപ രീതികളെ തകർത്തുകളയാൻ അധികമായ പദ്ധതിയൊരുക്കലും തീക്ഷ്ണമായ ശ്രമവും ആവശ്യമുണ്ട്.

നമ്മുടെ മനസ്സിനെ രൂപാന്തരപ്പെടുത്തി നാം നമ്മെ നവീകരിക്കണമെന്ന് ഈ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. മനസ്സിനെ രൂപാന്തരപ്പെടുത്താൻ നാം എന്താണു ചെയ്യേണ്ടത്? എപ്രകാരം നമുക്ക് ക്രിസ്തുവിന്റെ മനസ്സിനെ നേടിയെടുക്കാം?

പ്രാർത്ഥനാനിരതമായ ഒരു മനസ്സും നിശ്ചയദാർഢ്യമാർന്ന ഒരു തീരുമാനവും നാം സ്വീകരിക്കേണ്ടതുണ്ട്.

എന്റെ മനസ്സിനെ ഞാൻ രൂപാന്തരപ്പെടുത്തണമെങ്കിൽ ഇപ്പോഴത്തെ എന്റെ മനസ്സിന്റെ ചിന്തകളെയും രീതികളെയും ഞാൻ വിവേചിച്ചറിയേണ്ടതുണ്ട്.

ഞാൻ എന്റെ ചിന്തകളെ വിവേചിക്കാൻ തുനിയുന്നുണ്ടോ - പ്രത്യേകിച്ച് നെഗറ്റീവായ പ്രതികരണങ്ങൾ എന്നിൽ ഉടലെടുക്കുമ്പോൾ?

എന്നെ പരിശോധിച്ചറിയാനുള്ള മറ്റൊരു രീതി, എന്റെ ചിന്തകളെ വചനത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യുക എന്നതാണ്. എന്റെ ചിന്തകളും വികാരങ്ങളും വചനാനുസൃതമല്ലെങ്കിൽ പിന്നെ വചനാനുസൃതമായി അവയെ മാറ്റുക എന്ന പോംവഴിയാണ് എന്റെ മുന്നിലുള്ളത്. ആഴത്തിലുള്ള ബൈബിൾ ജ്ഞാനം ഇതിനായി നമ്മിലുണ്ടാകേണ്ടതുണ്ട്.

നമ്മുടെ ചിന്തകളെയും വികാരങ്ങളെയും തിരിച്ചറിയാനുള്ള മറ്റൊരു പോംവഴിയെന്നത് നമ്മുടെ ലക്ഷ്യങ്ങളും ഉൾപ്രേരണകളും എന്ത് എന്നുള്ള തിരിച്ചറിവാണ്. ഓരോ സവിശേഷ സാഹചര്യത്തിലും എന്തു നേടിയെടുക്കാനാണ് ഞാൻ ഉദ്യമിക്കുന്നത്? എന്നുള്ള ചിന്തയാണിത്. ചിലസമയത്ത് നാം സ്വാർത്ഥതയാൽ നയിക്കപ്പെടാം - ഉദാ. സ്വയം മഹത്വം നേടുക, ഞാൻ വിചാരിച്ച രീതിയിൽ കാര്യങ്ങൾ കൊണ്ടുവരിക. ചിലസമയത്ത് നാം വിദ്വേഷത്താൽ നയിക്കപ്പെടാം - ഉദാ. വേറെ ഒരാൾക്ക് അപഖ്യാതി ഉണ്ടാക്കുക, പ്രതികാരം ചെയ്യുക. ഇത്തരം സന്ദർഭങ്ങളിലെല്ലാം നാം നമ്മുടെ പാപം ഏറ്റുപറയുകയാണു വേണ്ടത്. പാപം ഏറ്റുപറയുമ്പോൾ, തെറ്റായ ഉൾപ്രേരണയിൽനിന്നുമാണ് എന്നിൽ തെറ്റായ ചിന്ത ഉണ്ടായത് എന്ന് അംഗീകരിക്കുകയാണ് നാം ചെയ്യുന്നത്. ഈ ചിന്തകൾ/മനോവ്യാപാരങ്ങൾ നമ്മെയും ദൈവത്തെയും മുറിവേൽപ്പിക്കുന്നു എന്നു നാം തിരിച്ചറിയുന്നു; എന്റെ മനോവ്യാപാരങ്ങളെ മാറ്റാൻ ഞാൻ തീരുമാനിച്ചു എന്നും നാം പാപം ഏറ്റുപറച്ചിലിലൂടെ അറിയിക്കുന്നു. ചില സമയങ്ങളിൽ പുറമേ നോക്കുമ്പോൾ ശരിയായ കാര്യമാണെന്നു തോന്നുന്ന കാര്യങ്ങളാണു നാം ചെയ്യുന്നതെങ്കിലും, നമ്മുടെ ഉൾപ്രേരണകൾ ലോകപ്രകാരമുള്ളതായതിനാൽ നമുക്ക് ജീവിതം അതിന്റെ പൂർണ്ണതയിൽ ആസ്വദിക്കാൻ കഴിയുന്നില്ല.

> **റോമർ 8:6**
> ജഡത്തിന്റെ ചിന്ത മരണത്തിൽ കലാശിക്കുന്നു; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും ആകുന്നു.

God is closer than you think എന്ന പുസ്തകത്തിൽ John Ortberg ഇപ്രകാരം എഴുതിയിരിക്കുന്നു: "ദൈവത്തിന്റെ വാസസ്ഥലമായി നമ്മുടെ മനസ്സിനെ മാറ്റുക എന്നതാണ് നമ്മുടെ ലക്ഷ്യം. വക്രമാക്കപ്പെട്ട വിശ്വാസങ്ങളും, വിനാശകരമായ വികാരങ്ങളും, വഴിതെറ്റപ്പെട്ട ഉദ്ദേശ്യങ്ങളുമെല്ലാം പാടേ നീക്കി അവിടെ ദൈവത്തിനു വാസസ്ഥാനമൊരുക്കൽതന്നെ. നിങ്ങളിലെ ആന്തരിക മനുഷ്യനെ നിയന്ത്രിക്കുന്ന ഭാവങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രഥമ അംശങ്ങളായ സ്നേഹവും സന്തോഷവും സമാധാനവും ആയിത്തീരുമ്പോൾ നിങ്ങളുടെ മനസ്സ് കൂടുതൽ കൂടുതലായി ദൈവത്തിലേക്ക് അർപ്പിക്കപ്പെടുന്നുവെന്നു നിങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കും". അദ്ദേഹം എഴുതിയ വേറൊരു വാക്യം ഇതാണ്: "ഒരു ചിന്തയുടെ ദൂരത്തേക്കാൾ അകലെയല്ല ദൈവം".

വിനയത്തിന്റെ പ്രാർത്ഥനാക്രമം എന്ന പ്രാർത്ഥനാ ചിന്തകളെ അടിസ്ഥാനമാക്കിയാണ് ഞാൻ അടുത്തയിടെ പ്രാർത്ഥിച്ചിരുന്നത്, പ്രാർത്ഥനയിൽ അത് എന്നെ വളരെയധികം സഹായിക്കുന്നുമുണ്ട്. ഈ ലേഖനത്തിന്റെ അവസാനത്തിൽ ഞാൻ അതു കൂട്ടിച്ചേർത്തിരിക്കുന്നു. അഹങ്കാരമോ അസൂയയോ ഒക്കെ എന്നിൽ തലപൊക്കുമ്പോൾ ഈ പ്രാർത്ഥനാ ചിന്തയിൽനിന്നുമുള്ള ഒരു വരി (*എന്നേക്കാൾ കൂടുതൽ മറ്റുള്ളവർ ബഹുമാനിക്കപ്പെടട്ടെ!*) ഞാൻ നിശബ്ദമായി ദൈവത്തോടു ഉരുവിടും. അതു ചെയ്യുമ്പോൾ എന്റെ ഹൃദയം മാറുകയും എന്നിൽ സമാധാനം കടന്നുവരികയും ചെയ്യുന്നു. ദൈവവുമായുള്ള ബന്ധത്തിൽ എന്നെ വളരെയധികം സഹായിക്കുന്ന മറ്റൊരു കാര്യം എന്റെ ചിന്തകൾ സത്യമായതും നീതിയായതും നിർമ്മലമായതും സുന്ദരമായതും അഭിനന്ദനാർഹമായതും അത്യുത്തമവും പ്രശംസാർഹവുമായതുമായി മാറാൻ എന്നെ സഹായിക്കണേ എന്നുള്ള പ്രാർത്ഥനയാണ്.

മനസ്സിന്റെ മാറ്റത്തിലൂടെ നാം രൂപാന്തരപ്പെടുമെന്ന് പൗലോസ് പറയുന്നു. രൂപാന്തരപ്പെടുക എന്നതിന്റെ അർത്ഥമെന്താണ്?



ഞാൻ പഴയ വ്യക്തിയേ അല്ല എന്ന അവസ്ഥയിലേക്കു മാറുന്നതിനെയാണ് രൂപാന്തരം എന്നു പറയുന്നത്,; പഴയതു കടന്നു പോയി പുതിയതു കൈവന്നു. എനിക്കു രൂപാന്തരം വരണമെങ്കിൽ ഞാൻ പൂർണ്ണമായും പുതിയതായ ഒരു വ്യക്തിയായി മാറണം. എന്റെ പ്രതികരണങ്ങൾ ദൈവീകമാകണം, എന്റെ പ്രതിപ്രവർത്തനങ്ങൾ മാറണം, എന്റെ ബന്ധങ്ങൾ ആഴത്തിലുള്ളതും സംതൃപ്തവുമാകണം, എന്റെ ശീലങ്ങൾ എന്നെത്തന്നെ കേന്ദ്രീകൃതമല്ലാതെയാകണം, ലോകപ്രകാരമുള്ള കാര്യങ്ങളോടുള്ള എന്റെ അഭിനിവേശം കുറഞ്ഞുവരികയും, സ്വർഗ്ഗത്തിലേക്കു ഞാൻ ഒരുക്കിവയ്ക്കുന്ന നിക്ഷേപം കൂടിവരികയും

ചെയ്യണം. എന്റെ ജീവിതം എന്നെ ചുറ്റിപ്പറ്റിയാകുന്നതു കുറയുകയും ക്രിസ്തുവിനെ ചുറ്റിപ്പറ്റിയാകുന്നതു കൂടുകയും ചെയ്യണം. അങ്ങനെയാകുമ്പോൾ, വിരോധാഭാസമെന്നു തോന്നുമെങ്കിലും, എന്റെ ജീവിതം കൂടുതൽ കൂടുതലായി അർത്ഥപൂർണ്ണവും ഉദ്ദേശലക്ഷ്യങ്ങൾ നിറഞ്ഞതുമായി പരിണമിക്കും.

ക്രിസ്തുവിനെ പ്രകാശിപ്പിക്കുകയും, സൽപ്രവൃത്തികൾ കണ്ട് മറ്റുള്ളവർ ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്ന രീതിയിൽ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്ന ഒരു ജീവിതത്തിന് ഉടമയായ ഒരു വ്യക്തിയാവുക എന്നതാണ് രൂപാന്തരപ്പെട്ട ഒരു ജീവിതം പുറപ്പെടുവിക്കുന്ന ഫലം.

ക്രിസ്തുവിന്റെ മനസ്സു സ്വന്തമാക്കാൻ നാം ഓരോരുത്തരും ശ്രമിക്കുമ്പോൾ, നാമെല്ലാവരും ഇപ്രകാരം രൂപാന്തരം പ്രാപിച്ചവരായിത്തീർന്നാൽ എത്ര അതിശയകരമായിരിക്കും അത്. സഭയിലുള്ള നമ്മുടെ പെരുമാറ്റം ഇതുപോലെ രൂപാന്തരം പ്രാപിച്ചതായിത്തീർന്നാൽ നാമായിരിക്കുന്ന ഈ ലോകത്തെ അത് എത്രമാത്രം രൂപാന്തരപ്പെടുത്തും?

**പരിഗണനയ്ക്കായി ചില ചോദ്യങ്ങൾ:**

1. വിശുദ്ധവും ദൈവത്തിനു പ്രസാദകരവുമായ ജീവനുള്ള ബലിയായി ഞാൻ എന്നെത്തന്നെ അനുദിനം ദൈവത്തിനു നല്കുന്നുണ്ടോ? അപ്രകാരം ജീവിക്കാൻ ഞാൻ എന്തുചെയ്യണം?

2. എന്റെ എല്ലാ തീരുമാനങ്ങളിലും, ഞാൻ തിരഞ്ഞെടുക്കുന്ന കാര്യങ്ങളിലും, ദൈവത്തെ ഉൾപ്പെടുത്താൻ ഞാൻ മനസ്സുകൊടുത്ത് ശ്രമിക്കാറുണ്ടോ? പ്രത്യേകിച്ച് ഞാൻ നെഗറ്റീവായ വൈകാരിക അവസ്ഥകളിലൂടെ കടന്നുപോകുമ്പോൾ?


3. ഈ ലോകത്തോട് – അതിന്റെ ആകർഷണങ്ങളോടും തിളക്കത്തോടും, അതിന്റെ വേർതിരിവുകളോടും മൂല്യങ്ങളോടും, അതിന്റെ തത്വചിന്തകളോടും പാരമ്പര്യങ്ങളോടും – ഞാൻ എത്രമാത്രം ഇഴചേർന്നിരിക്കുന്നു?

**കുറച്ചു പ്രായോഗിക നിർദ്ദേശങ്ങൾ:**

1. നിശ്ശബ്ദമായി, ഏകാന്തതയോടെ ദൈവവുമായി ചിലവഴിക്കാൻ എല്ലാ ദിവസവും കുറച്ചു സമയം മാറ്റിവയ്ക്കുക.

2. വചനങ്ങളെ/സങ്കീർത്തനങ്ങളെ മനഃപാഠമാക്കുകയും അവയെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുക, ഓരോ ദിവസവും കടന്നുപോകുന്നതോടൊപ്പം.

3. ഉറങ്ങാൻ പോകുന്നതിനുമുമ്പ്, ദൈവമുന്നിൽ സ്വസ്ഥമായിരുന്ന് ആ ദിവസത്തെ പ്രതിഫലിപ്പിക്കാനായി കുറച്ചു നിമിഷങ്ങൾ ചിലവഴിക്കുക.



ടോളി ബറുവ, ന്യൂദില്ലി.

**വിനയത്തിന്റെ പ്രാർത്ഥനാക്രമം**

ഓ യേശുവേ! ഹൃദയത്തിൽ സൗമ്യതയും വിനയവുമുള്ളവനേ, എന്നെ കേൾക്കണമേ.
ആദരിക്കപ്പെടണം എന്ന ആഗ്രഹത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
സ്നേഹിക്കപ്പെടണം എന്ന ആഗ്രഹത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
ഉയർത്തപ്പെടണം എന്ന ആഗ്രഹത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
ബഹുമാനിക്കപ്പെടണം എന്ന ആഗ്രഹത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.

പ്രശംസിക്കപ്പെടണം എന്ന ആഗ്രഹത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
മറ്റുള്ളവരേക്കാൾ ഉപരിയായി പരിഗണിക്കപ്പെടണം എന്ന ആഗ്രഹത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
എന്റെ അഭിപ്രായം ആരായപ്പെടണം എന്ന ആഗ്രഹത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
മറ്റുള്ളവരാൽ അംഗീകരിക്കപ്പെടണം എന്ന ആഗ്രഹത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
താഴ്ത്തിക്കെട്ടപ്പെടുമെന്നുള്ള ഭയത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
അവഗണിക്കപ്പെടുമെന്നുള്ള ഭയത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
ശാസനനേരിടുമെന്നുള്ള ഭയത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
അപവാദം പരത്തപ്പെടുമെന്നുള്ള ഭയത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
എന്നെ മറന്നു കളഞ്ഞേക്കാമെന്നുള്ള ഭയത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
പരിഹസിക്കപ്പെട്ടേക്കാമെന്നുള്ള ഭയത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
എനിക്കെതിരെ തെറ്റുചെയ്യപ്പെടുമെന്നുള്ള ഭയത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.
എന്നെ സംശയിക്കുമെന്നുള്ള ഭയത്തിൽനിന്ന്, യേശുവേ, എന്നെ വിടുവിക്കണമേ.

എന്നെക്കാൾ കൂടുതൽ മറ്റുള്ളവർ സ്നേഹിക്കപ്പെടട്ടെ, അത് ആഗ്രഹിക്കാനുള്ള കൃപ യേശുവേ നീ എനിക്കു നല്കണമേ.
എന്നെക്കാൾ കൂടുതൽ മറ്റുള്ളവർ ആദരിക്കപ്പെടട്ടെ, അത് ആഗ്രഹിക്കാനുള്ള കൃപ യേശുവേ നീ എനിക്കു നല്കണമേ.
ലോകത്തെക്കുറിച്ചുള്ള എന്റെ അഭിപ്രായങ്ങളിൽ, മറ്റുള്ളവർ വലുതാകണമെന്നും ഞാൻ ചെറുതാകണമെന്നും ആഗ്രഹിക്കാനുള്ള കൃപ യേശുവേ നീ എനിക്കു നല്കണമേ.
മറ്റുള്ളവർ തിരഞ്ഞെടുക്കപ്പെടുന്നതും, ഞാൻ അവഗണിക്കപ്പെടുന്നതും ആഗ്രഹിക്കാനുള്ള കൃപ യേശുവേ നീ എനിക്കു നല്കണമേ
മറ്റുള്ളവർക്കു പ്രശംസലഭിക്കുന്നതും എന്നെ ശ്രദ്ധിക്കാതിരിക്കുന്നതും ആഗ്രഹിക്കാനുള്ള കൃപ യേശുവേ നീ എനിക്കു നല്കണമേ
സകലമേഖലകളിലും എന്നേക്കാളുപരി മറ്റുള്ളവർക്കു പ്രാമുഖ്യം ലഭിക്കുന്നത് ആഗ്രഹിക്കാനുള്ള കൃപ യേശുവേ നീ എനിക്കു നല്കണമേ
മറ്റുള്ളവർ എന്നേക്കാൾ പരിശുദ്ധിയിൽ ജീവിക്കുന്നതുകാണുവാൻ - അതിനുവേണ്ടി ഞാൻ എത്രത്തോളം വിശുദ്ധിയിൽ ജീവിക്കണമോ അത്രയും വിശുദ്ധിയിൽ ജീവിക്കുന്നത് - ആഗ്രഹിക്കാനുള്ള കൃപ യേശുവേ നീ എനിക്കു നല്കണമേ

കർദ്ദിനാൾ റഫേൽ മെറി ദെൽ വാൽ (1865-1930)
പയസ് പത്താമൻ മാർപ്പാപ്പയുടെ വിദേശകാര്യ സെക്രട്ടറി.

ആറാം ദിവസം
**ഒരേ സ്വരം, ഒരേ പ്രത്യാശ**

**പ്രതിഫലനചിന്ത:**

പ്രത്യാശയുടെ അവസാനം എത്തി, ഇനി മുന്നോട്ട് യാതൊരുവഴിയുമില്ല എന്ന തോന്നൽ നിങ്ങളിൽ ശക്തമായി ഉളവായ ഒരു ജീവിതസാഹചര്യം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? ഇനി ഒന്നും ചെയ്യാനില്ല, എവിടെയും പോകാനില്ല, മുന്നിലുള്ള സകലതും വിളറിയതും പ്രത്യാശാരഹിതവുമായ കാഴ്ചകൾ, ഹൃദയത്തിലേക്ക് ഇരുട്ടുവന്നുമൂടി അതു നിങ്ങളെ കീഴടക്കുന്നു എന്നു തോന്നുന്ന നിമിഷങ്ങൾ?

> **റോമർ 15:4**
> മുമ്പ് എഴുതപ്പെട്ടവയെല്ലാം നമ്മുടെ പ്രബോധനത്തിനായിട്ടാണ്. സഹിഷ്ണുതയാലും തിരുവെഴുത്തുകളിൽനിന്നു ലഭിക്കുന്ന പ്രോത്സാഹനത്താലും നമുക്കു പ്രത്യാശയുണ്ടാകുവാൻ അവ എഴുതപ്പെട്ടിരിക്കുന്നു.

നാം കടന്നുപോകുന്ന ദുർഘടങ്ങളിൽ നമ്മെ സഹിഷ്ണുത (വിട്ടുകൊടുക്കാതെയുള്ള അതിജീവനം) പഠിപ്പിക്കുവാനും, നമുക്കു പ്രത്യാശയും പ്രചോദനവും നല്കുവാനുമായി കഴിഞ്ഞകാലങ്ങളിലെ സംഭവങ്ങൾ നമുക്കായി ബൈബിളിൽ എഴുതി വച്ചിരിക്കുന്നു എന്ന് വചനം ഇവിടെ ചൂണ്ടിക്കാണിക്കുന്നു.

**1 ശമുവേൽ 1:1-28**

ഏകദേശം 3000 വർഷങ്ങൾക്കു മുമ്പ് ഇസ്രായേൽ ദേശത്തു വസിച്ചിരുന്ന സാധാരണക്കാരിയായ ഒരു വീട്ടമ്മയുടെ കഥയാണ് നാം ഇവിടെ വായിക്കുന്നത് - ഹന്നായുടെ ജീവിത കഥ. ഹന്നാ ഒരു

വന്ധ്യയായതിനാലായിരിക്കാം എല്ക്കാനാ പെനിനായെക്കൂടി വിവാഹം കഴിച്ചത്, അദ്ദേഹം ഹന്നായെ ഏറെ സ്നേഹിച്ചിരുന്നെങ്കിൽ പോലും. ഒരുവനു സന്താനങ്ങൾ ഉണ്ടാവുക എന്നത് അക്കാലത്തെ സംബന്ധിച്ച് വലിയൊരു സംഗതിയായിരുന്നു; അവന്റെ കുടുംബവാഴ്ച നിലനിർത്താനും, സന്തതിപരമ്പര തുടരാനും, സമൂഹത്തിൽ അവനു നിലയും വിലയും ഉണ്ടാകുവാനും, അവന്റെ വ്യക്തിത്വത്തിനു മാനമുണ്ടാകുവാനും, ഇത് അത്യാവശ്യമായിരുന്നു. പെനിനയിൽ എല്ക്കാനായ്ക്ക് മക്കളുണ്ടായിരുന്നെങ്കിലും അവൾ ഹന്നായോട് മനസ്സലിവില്ലാതെ, മത്സരബുദ്ധിയോടെയാണു പെരുമാറിയത്.

ജീവിതം ഹന്നായെ സംബന്ധിച്ച് വളരെ വിളറിയതായിരുന്നു. കടന്നുപോകുന്ന ഓരോ വർഷവും അവൾ ആത്മവേദനയോടെ, ശാപബാധിതയായ ഒരുവൾ എന്ന മനോവികാരത്താൽ, ഇനി കുട്ടികൾ ഉണ്ടാവില്ല എന്ന പ്രത്യാശാരഹിതമായ കയ്പിനാൽ ദൈവമുമ്പിൽ വിലപിക്കുമായിരുന്നു. പെനിനായുടെ മക്കളെ ഓരോസമയം കാണുമ്പോഴും, അവളുടെ കുത്തുവാക്കുകൾ ഓരോസമയം കേൾക്കുമ്പോഴും ഹന്നായുടെ മുറിവുകളിൽ ഉപ്പുപുരട്ടുന്നതിനു സമാനമായി അവൾക്ക് അനുഭവപ്പെടുമായിരുന്നു. നരകതുല്യമായ പീഡനത്തിന്റെയും ദണ്ഡനങ്ങളുടെയും ഇടമായിത്തീർന്നു അവളെ സംബന്ധിച്ച് അവളുടെ "ഭവനം". 9-18 വാക്യങ്ങളിൽ, ഹന്നാ ദൈവതിരുമുന്നിൽ അവളുടെ ആത്മാവിനെ ചൊരിയുന്നതു നമുക്കു കാണാനാകും; വിശ്വാസത്തോടും സമർപ്പണത്തോടും കൂടിയ ആ പ്രാർത്ഥനയ്ക്കുശേഷം അവളുടെ മുഖത്തെ മ്ലാനത മാറി. ദൈവം അവളുടെ പ്രാർത്ഥന കേൾക്കുകയും ശമുവേൽ എന്ന ശ്രേഷ്ഠനായ ഒരു മകനെ അവൾക്കു നല്കുകയും ചെയ്തു; ഇസ്രായേലിലെ ആദ്യത്തെ പ്രവാചകനും അവസാനത്തെ ന്യായാധിപനുമായ ഒരുവനെത്തന്നെ.

എന്റെ മകൻ സഭ ഉപേക്ഷിച്ചു പോയപ്പോഴും, അവൻ മാനസിക അസ്വാസ്ഥ്യത്തിലൂടെ കടന്നു പോയപ്പോഴുമെല്ലാം കയ്പുനിറഞ്ഞ കരച്ചിലും വിലാപത്തോടും കൂടെ ഞാൻ ദൈവത്തിലേക്കു തിരിഞ്ഞപ്പോൾ പ്രത്യാശ ഉൾക്കൊള്ളാനും എന്റെ മനോഭാവത്തിൽ രൂപാന്തരമുണ്ടാകുവാനും ഹന്നായുടെ ജീവിത മാതൃക എനിക്കു പ്രചോദനമായിട്ടുണ്ട്. അവന്റെ അവസ്ഥയ്ക്കു വലിയ മാറ്റങ്ങൾ ഒന്നും ഇല്ലെങ്കിൽ പോലും എന്റെ മുഖം ഇപ്പോൾ മ്ലാനമല്ല; ദൈവത്തിലും ദൈവത്തിന്റെ വാഗ്ദാനങ്ങളിലും, എന്റെ മകനെക്കുറിച്ചുള്ള അവിടുത്തെ പദ്ധതികളിലും പൂർണ്ണാശ്രയം വയ്ക്കുവാനും എനിക്കു പരിശീലിക്കുവാൻ സാധിക്കുന്നു. ഞാൻ ഭാവിയിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നു, എന്റെ ദൈവത്തിന് അവനെക്കുറിച്ചൊരു പദ്ധതിയുണ്ടെന്ന് എനിക്കുറപ്പുണ്ട്. ആ പദ്ധതികൾ എന്താണെന്നോ അതിന്റെ വിശദാംശങ്ങൾ എന്താണെന്നോ ഞാൻ അറിയേണ്ടതുപോലുമില്ല. നിയന്ത്രണങ്ങൾ എന്റെ കയ്യിലുണ്ടാകണം എന്നുള്ള ചിന്ത എനിക്കില്ല, ദൈവം നിയന്ത്രണത്തിലുണ്ട് എന്നെനിക്കു നിശ്ചയമുണ്ട്, അവിടുന്ന് എനിക്കു മതിയായവനാണെന്ന തിരിച്ചറിവും എനിക്കുണ്ട്. ഞാൻ മുറുകെപ്പിടിച്ചു കൊണ്ടിരിക്കുന്ന ഒരു വചനം ഇതാണ്:

**ഫിലിപ്യർ 4:4-7**
4കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ; അതുതന്നെ ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ. 5നിങ്ങളുടെ സൗമ്യത സകലമനുഷ്യരും അറിയട്ടെ. കർത്താവു അടുത്തായിരിക്കുന്നു. 6ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥന യാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തിനു സമർപ്പിക്കയത്രേ വേണ്ടത്. 7അങ്ങനെയെങ്കിൽ സകല അറിവിനെയും കവിയുന്ന ദൈവി കസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുയേശുവിൽ കാത്തു കൊള്ളും.

തിരിച്ചറിവിനെ കവിയുന്ന വലിയ ഒരു സമാധാനം എനിക്കു ലഭിച്ചിരിക്കുന്നു, ഒരിക്കലും മങ്ങാത്ത പ്രത്യാശയും ഇന്ന് എനിക്കുണ്ട്.

**1 പത്രോസ് 1:3-9**
3നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം. അവിടുന്ന് തന്റെ മഹാകരുണയാൽ, മരിച്ചവരിൽനിന്നുള്ള യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിലൂടെ, ജീവനുള്ള പ്രത്യാശയ്ക്കായും, 4നിങ്ങൾക്കുവേണ്ടി സ്വർഗ്ഗ ത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം, എന്നിവ ഇല്ലാത്തതുമായ അവ കാശത്തിനായും നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു. 5അന്ത്യകാലത്തു വെളിപ്പെടുവാൻ പോകുന്ന രക്ഷയ്ക്കായി, വിശ്വാസത്തിലൂടെ നിങ്ങൾ ദൈവശക്തിയാൽ കാത്തുസൂ ക്ഷിക്കപ്പെടുന്നു. 6ഇപ്പോൾ അല്പകാലത്തേക്കു പലവിധ പരിശോധനകളാൽ നിങ്ങൾ ദുഃഖിക്കുന്നുവെങ്കിലും ഈ രക്ഷയിൽ ആനന്ദിക്കുന്നു. 7തീയിൽ ശുദ്ധീകരിക്കപ്പെടുന്ന തെങ്കിലും നശ്വരമായ സ്വർണ്ണത്തേക്കാൾ, പരിശോധനയെ അതിജീവിക്കുന്ന നിങ്ങളുടെ

> വിശ്വാസം അധികം വിലയേറിയതെന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുക
> ഴ്ചയ്ക്കും തേജസ്സിനും ബഹുമാനത്തിനുമായി കാണുവാൻ ഇടയാകും. 8അവിടുത്തെ
> നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുകയും ഇപ്പോൾ കാണാതെതന്നെ
> വിശ്വസിക്കുകയും ചെയ്യുന്നു. 9വിശ്വാസത്തിന്റെ ഫലമായ ആത്മരക്ഷ
> പ്രാപിക്കുമെന്നതിനാൽ നിങ്ങൾ അവർണ്ണനീയവും മഹിമയുള്ളതുമായ
> സന്തോഷത്തോടെ ആനന്ദിക്കുന്നു.

പുനരുത്ഥാനത്തെക്കുറിച്ചും, ഒരിക്കലും നശിക്കാത്ത അവകാശത്തെക്കുറിച്ചും, ആത്മാവിന്റെ രക്ഷയെക്കുറിച്ചുമുള്ള ജീവനുള്ള പ്രത്യാശ നമുക്കുണ്ട്, യേശുക്രിസ്തുവിന്റെ കൃപയാൽ. നശിച്ചുപോകുന്ന ഒരു പദാർത്ഥമാണെങ്കിലും തീയിൽ ശുദ്ധീകരിച്ചാൽ സ്വർണ്ണം കൂടുതൽ ശുദ്ധിയുള്ളതാകുന്നു. അതുപോലെ, നാം കടന്നുപോകുന്ന പ്രയാസങ്ങളും ദുഃഖവുമെല്ലാം നമ്മുടെ വിശ്വാസത്തെ ആ തീയേക്കാൾ മെച്ചമായി ശുദ്ധിചെയ്യാനുള്ള ഉപാധിയാണ്.




**കൂടുതൽ പ്രതിഫലനത്തിന്:**

**1. റോമർ 5:1–5** വായിക്കുക

കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത സ്വഭാവഗുണത്തെയും, സ്വഭാവഗുണം പ്രത്യാശയെയും ഉളവാക്കുന്നു. മാറ്റം വരുത്തി വളരാൻ കഴിയാത്ത ഏതു സ്വഭാവ വൈകല്യമാണ് ഇപ്പോൾ നിങ്ങൾക്കുള്ളത്?

നിങ്ങളുടെ കാഴ്ചപ്പാടു മാറാനും മാറ്റം വരുത്താനുമായി പ്രാർത്ഥിക്കുകയും, വേറെ ഒരാളോടു തുറന്നു സംസാരിക്കുകയും ചെയ്യുക.

**2. 2 കൊരിന്ത്യർ 2:1–11** വായിക്കുക

പൗലോസ് എന്തിലൂടെയാണു കടന്നുപോകുന്നത്? തന്നെയും മറ്റുള്ളവരെയും പ്രയാസത്തിലാക്കുന്ന ഒരു വ്യക്തിയെ പൗലോസ് എപ്രകാരമാണ് കൈകാര്യം ചെയ്യുന്നത്?

ഏതു ബന്ധത്തിലാണ് നിങ്ങൾ ഇപ്പോൾ പ്രയാസം അനുഭവിക്കുന്നത്? (ഭർത്താവുമായോ, മക്കളുമായോ, ഭർതൃവീട്ടുകാരുമായോ, തൊഴിൽ ദാതാവുമായോ, കൂട്ടുജോലിക്കാരുമായോ, നായകരുമായോ, മറ്റാരെങ്കിലുമായോ ആകാം ഇത്). ദൈവത്തിന്റെ വചനത്തെ മുറുകെപ്പിടിച്ച് വിടാതെ പരിശ്രമിച്ചാൽ ദൈവം നിങ്ങൾക്ക് സൗഖ്യം കൊണ്ടുവരുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഇക്കാര്യത്തെക്കുറിച്ചു പ്രാർത്ഥിക്കാൻ തീരുമാനിക്കുക.

**3. റോമർ 15:13; സങ്കീർത്തനം 119:43–56** എന്നിവ വായിക്കുക

പരിശുദ്ധാത്മാവിന്റെ സഹായത്താൽ നിങ്ങളിലേക്ക് പ്രത്യാശവന്നു നിറയാൻ സഹായിക്കുകയും, നിങ്ങൾക്ക് മുറുകെപ്പിടിക്കാൻ സാധിക്കുകയും ചെയ്യുന്ന ഏതൊക്കെ വാഗ്ദാനങ്ങളാണ് ദൈവം നല്കിയിരിക്കുന്നതെന്ന് പരിശോധിച്ച് ഒരു പട്ടിക ഉണ്ടാക്കുക.

**കൂടുതൽ ധ്യാനത്തിന്:**

എബ്രായർ 10:32–39, എബ്രായർ 12:4–11, 1 കൊരിന്ത്യർ 15:58, ഏശയ്യ 40:29–31, ഏശയ്യ 46:3–4



ബീനാ ഫിലിപ്പ്, കോട്ടയം.

ഏഴാം ദിവസം
**ഒരേ സ്വരം, ഒരേ ദൗത്യം**

**പ്രതിഫലനചിന്ത:**

പ്രഭാതത്തിൽ ഉറക്കമുണരുമ്പോൾ ആദ്യം ചെയ്യാൻ നിങ്ങൾ ഇഷ്ടപ്പെടുന്ന കാര്യമെന്താണ്?



**റോമർ 15:14-16**
14എന്റെ സഹോദരരേ, നിങ്ങൾതന്നേ നന്മനിറഞ്ഞവരും പരിജ്ഞാനപൂർണ്ണരും
പരസ്പരം പ്രബോധിപ്പിക്കാൻ സമർത്ഥരും ആണെന്ന് എനിക്കുറപ്പുണ്ട്. 15എന്നാൽ
നിങ്ങളെ വീണ്ടും ഓർമ്മപ്പെടുത്തുവാനെന്നവണ്ണം ചില കാര്യങ്ങളെക്കുറിച്ചു ധൈര്യമായി
ഞാൻ നിങ്ങൾക്കെഴുതിയിരിക്കുന്നു. ദൈവത്തിന്റെ സുവിശേഷം അറിയിക്കുക എന്ന
പുരോഹിത ധർമ്മത്തോടുകൂടി 16വിജാതീയർക്കു ക്രിസ്തുയേശുവിന്റെ ശുശ്രൂഷക
നായിരിപ്പാൻ ദൈവം എനിക്കു നല്കിയ കൃപ നിമിത്തമത്രേ അങ്ങനെ എഴുതിയത്.
ഈ ശുശ്രൂഷയുടെ ഉദ്ദേശ്യം; വിജാതീയർ ദൈവത്തിനു സ്വീകാര്യവും
പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടതുമായ വഴിപാടായിത്തീരുക എന്നതത്രേ.

**1. പ്രോത്സാഹിപ്പിക്കുക**

പതിനാലാം വാക്യത്തിൽ, പൗലോസ് വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നു. അവർ:
1. നന്മനിറഞ്ഞവരും
2. പരിജ്ഞാനപൂർണ്ണരും
3. പരസ്പരം പ്രബോധിപ്പിക്കാൻ സമർത്ഥരുമാണെന്ന് പൗലോസിന് ഉറപ്പുണ്ടെന്ന വാക്കുകളാൽ.

നിങ്ങളുടെ ശുശ്രൂഷയ്ക്കു കീഴിലുള്ള ആളുകളെ നോക്കുമ്പോൾ, അവർ നന്മനിറഞ്ഞവരും പരിജ്ഞാനപൂർണ്ണരും പരസ്പരം പ്രബോധിപ്പിക്കാൻ സമർത്ഥരുമാണെന്ന ചിന്തയാണോ നിങ്ങൾക്കുള്ളത്?

പലപ്പോഴും എനിക്ക് ഇങ്ങനെ തോന്നാറില്ല. അവരുടെ എല്ലാ പ്രശ്നങ്ങളും തീർക്കാൻ എന്റെ സാന്നിദ്ധ്യം

വേണമെന്നും, അവരുടെ ചോദ്യങ്ങൾക്കുള്ള ഉത്തരമെല്ലാം എന്റെ പക്കലാണ് ഉള്ളതുമെന്ന ചിന്തയാണ് എനിക്കുള്ളത്. എന്നിരുന്നാലും, അവർ പരസ്പരം പ്രബോധിപ്പിക്കാൻ സമർത്ഥരാണെന്നുള്ള ചിന്തയാണ് ഞാൻ വളർത്തിയെടുക്കേണ്ടത് - വചനം ചൂണ്ടിക്കാണിക്കുന്നതുപോലെ. പ്രബോധനം എന്ന വാക്കിന്റെ അർത്ഥം പരിശോധിക്കുമ്പോൾ; ഒരു വ്യക്തിയെ ഒരു കാര്യം പഠിപ്പിക്കുക, ഒരു കഴിവു പഠിപ്പിക്കുക, ഒരു കാര്യം അനുസരിക്കാൻ ഒരാളോടു പറയുക അല്ലെങ്കിൽ കല്പിക്കുക എന്നിങ്ങനെയുള്ള അർത്ഥതലങ്ങളാണ് നല്കിയിരിക്കുന്നത്. നാം മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവരാണെങ്കിൽ, അവരെ പഠിപ്പിക്കുന്നതിലും, ഉപദേശിക്കുന്നതിലും, സൗമ്യമായി അഭ്യർത്ഥിക്കുന്നതിലും നമുക്കു ശ്രദ്ധയർപ്പിക്കാം.

**2. ധൈര്യവതിയാകുക**

ദൈവം തനിക്കു നല്കിയ കൃപയാൽ ചിലകാര്യങ്ങളെക്കുറിച്ച് ധൈര്യപൂർവ്വം അവരെ ഓർമ്മിപ്പിക്കാൻ പൗലോസ് തുനിഞ്ഞു എന്ന് പതിനഞ്ചാം വാകൃത്തിൽ എഴുതിയിരിക്കുന്നതു നാ കാണുന്നു. ഈ പുസ്തകത്തിന്റെ 12, 13, 14, എന്നീ അദ്ധ്യായങ്ങളിൽ പൗലോസ് അവരോട് ധൈര്യസമേതം നിരവധികാര്യങ്ങൾ സംസാരിക്കുന്നതു നമുക്കു കാണാം. ജീവനുള്ള ബലിയായി അവരുടെ ശരീരങ്ങളെ സമർപ്പിക്കുന്നതിനെക്കുറിച്ചും, വേണ്ടതിനേക്കാൾ ഉപരിയായ മതിപ്പോടെ സ്വയം വിലയിരുത്തരുതെന്നതിനെക്കുറിച്ചും, ആത്മാർത്ഥമായി പരസ്പരം സ്നേഹിക്കുന്നതിനെക്കുറിച്ചും, അധികാരികൾക്കു കീഴടങ്ങിയിരിക്കുന്നതിനെക്കുറിച്ചും, വിശ്വാസത്തിൽ ബലഹീനരായവരെ സ്വീകരിക്കുന്നതിനെക്കുറിച്ചും, മറ്റനേകം കാര്യങ്ങളെക്കുറിച്ചും പറയുന്നത് ഉദാഹരണമാണ്.

പൗലോസ് പ്രദർശിപ്പിക്കുന്ന ധൈര്യംതന്നെ നാമും ഉൾക്കൊള്ളേണ്ടതാണ്. പൗലോസ് മുന്നിലേക്കു വയ്ക്കുന്ന വിഷയങ്ങളിൽ നാം ധൈര്യസമേതം ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നുണ്ടോ, അതോ ഒരു അഭിമുഖം ഒഴിവാക്കാനായി കാര്യങ്ങളെ അഭിസംബോധന ചെയ്യുന്നത് ഒഴിവാക്കുകയാണോ? മാറ്റം വരുത്തേണ്ടകാര്യങ്ങൾ ആളുകളെ ബോധ്യപ്പെടുത്തുന്നതിനെയാണ് ധൈര്യപൂർവ്വം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് - സ്നേഹത്തോടുകൂടിത്തന്നെ. ദൈവജനത്തെ ശുശ്രൂഷിക്കുന്ന സമയത്ത് അഭിമുഖീകരിക്കേണ്ടകാര്യങ്ങൾ വ്യക്തമായിത്തന്നെ പറയുക.

> **2 തിമോത്തി 1:7**
> ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, പിന്നെയോ ശക്തിയുടെയും സ്നേഹത്തിന്റെയും സംയമനത്തിന്റെയും ആത്മാവിനെയാണു ദൈവം നമുക്കു നല്കിയിട്ടുള്ളത്.

**3. ദൗത്യശുശ്രൂഷ ചെയ്യുക**

ശുശ്രൂഷ എന്നാൽ പരസ്യമായി ചെയ്യുന്ന ഒരു സേവനമാണെന്ന് പറയാൻ കഴിയും. പൗലോസ് ഒരു മതാധ്യാപകനായിരുന്നു, ഹെബ്രായരിൽ കേമനായ ഹെബ്രായൻ, യേശുവിന്റെ ശിഷ്യന്മാരെ കൊല്ലുവാൻ പോലും മടിയില്ലാത്ത വിധത്തിൽ പീഡിപ്പിച്ചയാൾ, സ്തെഫാനോസിനെ കൊല്ലാൻ അനുമതി നല്കിയവൻ. എന്നിരുന്നാലും ഒരിക്കൽ യേശുവിനെ കണ്ടുമുട്ടിയപ്പോൾ തന്റെ ദൗത്യം പാടേ മാറി. യേശുവിന്റെ ശിഷ്യന്മാരെ കൊന്നൊടുക്കി തീർക്കാൻ തുനിഞ്ഞിറങ്ങിയ ആൾ ഇപ്പോൾ ജനത്തെമുഴുവൻ കർത്താവിലേക്കു കൂട്ടിച്ചേർക്കാൻ ഇറങ്ങിപ്പുറപ്പെട്ടവനായി. യഹൂദരിലെ ഒരു ഗുരുവായി ജീവിതം ആരംഭിച്ചയാൾ ഇപ്പോൾ വിജാതീയർക്കു ശുശ്രൂഷചെയ്ത് അവരെ ദൈവതിരുമുന്നിൽ സ്വീകാര്യമായ ഒരു യാഗമാക്കി തീർക്കാനായി നിയോഗിക്കപ്പെട്ട ഒരു പുരോഹിതനായി മാറി.




ഇന്നു നമ്മുടെ ദൗത്യം യേശുവിന്റെ അതേ ദൗത്യം തന്നെയാണ് (ലൂക്കോസ് 19:10). കർത്താവിലേക്കു നാം നയിക്കുന്ന ഓരോ വ്യക്തിയെയും കർത്താവിനു പ്രസാദകരവും സ്വീകാര്യവുമായ ഒരു യാഗമായിമാറ്റി സമർപ്പിക്കേണ്ടതുണ്ട്. ഇതൊരു തുടർ പ്രക്രിയയാണ്. റോമർ 15:16ൽ പൗരോഹിത്യ ശുശ്രൂഷയുടെ

ഭാഷയാണു നിറഞ്ഞു നില്ക്കുന്നത്. ക്രിസ്തുവിനുവേണ്ടി വിജാതീയർക്കായി പൗരോഹിത്യ ശുശ്രൂഷ നടത്തുന്ന ഒരുവനാണു താനെന്ന് പൗലോസ് പറയുന്നു, സുവിശേഷത്തെ വിജാതീയർക്കുമുമ്പിൽ ഒരു പൗരോഹിത്യ ശുശ്രൂഷയായി നിറവേറ്റി, ദൈവതിരുമുന്നിൽ അവർ (വിജാതീയർ) പ്രസാദകരമായ ഒരു യാഗമായി തീരേണ്ടതിന് അവരെ മാറ്റുന്നതാണ് പൗലോസിന്റെ ശുശ്രൂഷ.

**കൂടുതൽ പ്രതിഫലനത്തിന്:**

1. ഒരേ സ്വരം, ഒരേ ലക്ഷ്യം എന്ന നമ്മുടെ ഈ പരമ്പര നാം തീർക്കുമ്പോൾ, യേശുവിന്റെ ദൗത്യത്തിൽ മനസ്സർപ്പിച്ചിരിക്കുന്ന ഒരു വ്യക്തിയായി മാറാൻ നമുക്കു സ്വയം സമർപ്പിക്കാം.

2. ഓരോ ദിവസവും ഒരാളെയെങ്കിലും പ്രബോധിപ്പിക്കുക. മാറേണ്ട കാര്യങ്ങളെക്കുറിച്ചു ധീരതയോടെ സംസാരിക്കുക.

3. ദൈവതിരുമുന്നിൽ സ്വീകാര്യമായ യാഗമാണോ ഞാനും ഞാൻ ശുശ്രൂഷചെയ്യുന്ന ആളുകളും? അതോ ദൈവമുന്നിൽ മാറ്റം വരുത്തേണ്ട കാര്യങ്ങൾ പ്രകടമാണോ? നമ്മുടെ ജീവിതത്തിലൂടെയും, നമ്മുടെ സ്വരത്തിലൂടെയും, നമ്മുടെ ലക്ഷ്യത്തിലൂടെയും ദൈവത്തിനു മഹത്വം നല്കുന്നവരായി നമുക്കു മാറാം - 2025ലെ അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിക്കാനായി നാം ഒരുമിച്ചു കൂടുമ്പോൾ.



ഷെറിൽ പെരേര, മുംബൈ.